കെസിബിസി
മീഡിയ




# വത്തിക്കാൻ
# തരംഗം

Vol No.36 No.5 May 2026 Rs.5.00

# MARIAN COLLEGE OF ARTS & SCIENCE

The World's Home

## ADMISSION OPEN FOR 2026–2027



Phone: 0471-2705413

Mob: 9526605413

E-mail: principal@mcas.ac.in

www.mcas.ac.in

Affiliated to University of Kerala | Approved by AICTE

Marian Educty, Menamkulam, Kazhakuttom, TVM, Kerala-695582

## FOUR YEAR UNDERGRADUATE PROGRAMMES

- BBA – Elective: Logistics
- BA English
- B.Com – Business Information Systems
- B.Sc Computer Science – Elective: Machine Learning
- B.Sc Geography – Elective: Disaster Management
- B.Sc Zoology – Elective: Fisheries

**PG COURSE**

- M.Com – Finance

**SC/ST CATEGORY FEE CONCESSION** OR **FISHERMAN CATEGORY FEE CONCESSION**

★ APPLICABLE FOR MERIT ADMISSIONS ★

## Facilities:

- Modern Classrooms
- Advanced Laboratories
- Library & E-Resources
- Sports & Extra Curriculars
- Hostel & Transport

വത്തിക്കാൻ തരംഗം
VATHICAN THARANGAM
MAY - 2026
RN. 55 178/94
പുസ്തകം- 36

Monthly
ലക്കം - 5

# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- നിർമ്മിത ബുദ്ധിയിലൂടെ ... 07
- പാപ്പ പറയുന്നു ... 10
- പരിശുദ്ധമറിയം ... 17
- പരിശുദ്ധാത്മാവ് ... 26
- ക്രിസ്തു ജീവിക്കുന്നു ... 28
- വിലങ്ങാടിന്റെ അതിജീവനം ... 31
- ആ ചിരി ... 33
- വാർത്തയും ചിന്തയും ... 34


*മുഖ്യരക്ഷാധികാരി*
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# കരുതിയിരിക്കണം, പുതിയ ബാബേൽ ഗോപുരത്തിന്റെ ഡിജിറ്റൽ സാങ്കേതിക നിർമ്മിതികളെ...

**EDITORIAL**



വ്യാവസായിക വിപ്ലവത്തിലൂടെ മനുഷ്യർ അഭിമുഖീകരിക്കാൻ പോകുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും 135 വർഷങ്ങൾക്കു മുമ്പ് ലെയോ പതിമൂന്നാമൻ പാപ്പ 'റേരും നൊവാരും' എന്ന ചാക്രിക ലേഖനത്തിലൂടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ടെക് ഫ്യൂഡലിസമെന്നോ ഡിജിറ്റൽ കോളനിവൽക്കരണമെന്നോ വിശേഷിപ്പിക്കാവുന്ന നാലാം വ്യാവസായിക വിപ്ലവത്തിന്റെ നേട്ടങ്ങളെയും കോട്ടങ്ങളെയും അക്കമിട്ടു പറയുകയാണ് ലെയോ പതിനാലാമൻ പാപ്പ. മാഞ്ഞിഫിക്ക ഹ്യൂമാനിത്താസ് എന്ന പ്രഥമ ചാക്രിക ലേഖനത്തിൽ.മഹത്തായ മാനവികതയെന്ന് ഈ ചാക്രിക ലേഖനത്തിന്റെ പേര് നമുക്ക് പരിഭാഷപ്പെടുത്താം. ഡിജിറ്റൽ യുഗത്തിലെ കത്തോലിക്കാ സഭയുടെ സുപ്രധാനമായ സാമൂഹിക പ്രബോധനമാണിത്. 38000 വാക്കുകളുള്ള ഈ ചാക്രിക ലേഖനം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.എന്ന് ചുരുക്ക നാമം) എങ്ങനെ മാനവരാശിയെ സ്വാധീനിക്കാൻ പോകുന്നുവെന്നാണ് വിവരിക്കുന്നത്.

ട്രാൻസ് ഹ്യൂമനിസമെന്ന് ശാസ്ത്രജ്ഞൻ പേരിട്ടുവിളിക്കുന്ന നവസാങ്കേതിക തലങ്ങളിൽ പതിയിരിക്കുന്ന അപകടങ്ങൾ ലെയോ പതിനാലാമൻ പാപ്പ വിശദമായി ചർച്ച ചെയ്യുന്നു. മനുഷ്യവംശം അതിന്റെ തൽസ്ഥിതി (human constant)–യിൽ നിന്ന് മുന്നോട്ടു കുതിക്കണമെന്ന് ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. മരണത്തെ തോൽപ്പിച്ച്, മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനശിലകൾ വരെ പിഴുതു മാറ്റി യാതൊരു പരമിതികളുമില്ലാതെ സുഖാനുഭൂതികളിൽ മുഴുകുന്ന പുതിയ മനുഷ്യരെ (Post humans) സൃഷ്ടിടിക്കുവാനുള്ള സ്വപ്ന പദ്ധതികൾ ട്രാൻസ് ഹ്യൂമനിസത്തിന്റെ അണിയറയിൽ ഒരുങ്ങുന്നുണ്ട്.

അത്തരമൊരു സാങ്കേതിക മുന്നേറ്റത്തിൽ മനുഷ്യർക്ക് ദൈവത്തെ പോലെ അപരിമേയരും സർവശക്തരുമായി മാറാൻ കഴിയുമെന്ന് ശാസ്ത്രലോകം സങ്കൽപ്പിക്കുന്നു. പുതിയ ബാബേൽ ഗോപുരം നിർമ്മിക്കാനുള്ള ഈ ഭ്രാന്തൻ ചിന്തകളിൽ ദൈവത്തിന് സ്ഥാനമില്ലാതെയാകുന്ന അവസ്ഥയാണിതെന്ന് പാപ്പ പറയുന്നു. മനുഷ്യൻ ഇന്ന് രണ്ട് ദിശകൾക്കു മുന്നിലാണുള്ളതെന്ന് പുതിയ ചാക്രിക ലേഖനത്തിൽ പാപ്പ വ്യക്തമാക്കുന്നു. ഒന്ന് – ദൈവത്തെ ഉപേക്ഷിക്കുന്ന മനോഭാവം. രണ്ട് – നവബാബേൽ നിർമ്മിതി തന്നെ. മനുഷ്യന്റെ അന്തസ്സ് പൂർണ്ണമായും തല്ലിക്കെടുത്തുന്ന വിധം അവനെ/അവളെ വെറും ഡാറ്റാ പോയിന്റുകളായോ, തിരുത്തപ്പെടേണ്ട പ്രൊജക്ടുകളായോ കാണുന്ന പുതിയ കാഴ്ചപ്പാട്. വ്യാവസായിക വിപ്ലവം യന്ത്രങ്ങളിലൂടെ തൊഴിലാളികളെ ചൂഷണം ചെയ്തുവെങ്കിൽ, ഇന്ന് അൽഗോരിതങ്ങൾ മനുഷ്യന്റെ ചിന്തയെയും അസ്തിത്വത്തെയും അപകടകരമാം വിധം ചോദ്യം ചെയ്യുന്നു. ഡിജിറ്റൽ ലോകത്തെ സങ്കീർണ്ണമയ അൽഗോരിതങ്ങൾക്കു മുമ്പിൽ എളിയവരുടെയും അരികുവൽക്കരിക്കപ്പെട്ടവരുടെയും അന്തസ്സ് സംരക്ഷിക്കപ്പെടണമെന്ന് പാപ്പ ആഹ്വാനം ചെയ്യുന്നു.

ടെക് കോർപ്പറേറ്റുകളിലും സിലിക്കൺവാലി കമ്പനികളിലും ശതകോടീശ്വരന്മാരുടെ കൈകളിലും ഡിജിറ്റൽ അധികാരവും സമ്പത്തും കേന്ദ്രീകരിക്കപ്പെടുന്നത് 'ടെക് ഫ്യൂഡലിസ' ത്തിലേക്ക് ലോകത്തെ നയിക്കുമെന്ന് പാപ്പ മുന്നറിയിപ്പ് നൽകുന്നു. എ.ഐ.യുടെ നിരായുധീകരണം, പുതിയ കാലഘട്ടത്തിൽ ഭരണകൂടങ്ങളുടെ അജണ്ടയിൽ ഉൾപ്പെടുത്തണമെന്നും പാപ്പ നിർദ്ദേശിക്കുന്നുണ്ട്. എത്ര ബുദ്ധിയുള്ള യന്ത്രമായാലും അവയ്ക്ക് ആത്മാവോ കാരുണ്യമോ ഉണ്ടാവില്ല. പണ്ട് അടിമത്തത്തെ അപലപിക്കുവാൻ സഭ വൈകിപ്പോയ ചരിത്രം പാപ്പ ഓർമ്മിക്കുന്നു. അതുകൊണ്ടുതന്നെ അടിമത്തത്തിന്റെ നവ സാങ്കേതികരൂപങ്ങളെ മാനവികതയുടെ ഹരിത ചമയങ്ങൾ അണിയിക്കാൻ വൈകരുതെന്ന് പാപ്പ അഭ്യർത്ഥിക്കുന്നു. നിർമ്മിത ബുദ്ധി കൈകാര്യം ചെയ്യുമ്പോൾ അനിവാര്യമായ മുൻകരുതലെടുക്കാൻ ശാസ്ത്രജ്ഞർ മറക്കരുതെന്ന് പാപ്പ മുന്നറിയിപ്പ് നൽകുന്നുണ്ട്. കാരണം, ഭൗതിക മനുഷ്യരുടെ (Biological humans) വംശനാശവും കൃത്രിമ മനുഷ്യരെന്നോ വികസിത മനുഷ്യരെന്നോ വിശേഷിപ്പിക്കാവുന്നവരുടെ (enhanced humans) രംഗപ്രവേശവും, ഇതിനെ അഭിമുഖീകരിക്കാൻ പദ്ധതികൾ വേണമെന്ന് പാപ്പ നിർദ്ദേശിക്കുന്നു. മനുഷ്യരിലുള്ള ബുദ്ധിയെ നിർമ്മിതബുദ്ധി മറികടക്കുന്ന സിംഗുലാരിറ്റി (Singularity) 2045– ഓടെ സംഭവിക്കുമെന്ന് മാർവിൻ മിൻസ്കി (Marvin Minsky) യെ പോലുള്ള ശാസ്ത്രജ്ഞർ പ്രവചിച്ചിട്ടുണ്ട്. (അമേരിക്കൻ ഗണിത ശാസ്ത്രജ്ഞനും മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ (Massachusetts Institute of Technology – MIT) സഹസ്ഥാപകനും എ.ഐ യുടെ പ്രണേതാക്കളിൽ ഒരാളുമാണ് ഈ ശാസ്ത്രജ്ഞൻ. ജീവിത കാലഘട്ടം 1927–2016) ഇങ്ങനെ പരിണമിക്കുന്ന റോബോ സാപ്പിയൻസിലൂടെ (Robo Sapiens) എന്തെല്ലാം പരിണാമങ്ങളാണ് സംഭവിക്കുകയെന്ന് ചിന്തിക്കാനാവാത്ത അവസ്ഥയാണുള്ളത്. സാങ്കേതിക വിദ്യയുടെ പുതുയുഗത്തിൽ മനുഷ്യഹൃദയത്തിന്റെ പ്രാധാന്യം വീണ്ടെടുക്കാനുള്ള പ്രായോഗികനിർദ്ദേശങ്ങൾ ചാക്രിക ലേഖനത്തിന്റെ ഉപസംഹാര ചിന്തകളിൽ പാപ്പ പങ്കുവയ്ക്കുന്നു. പഴയ നിയമത്തിലെ ജറുസലെം ദേവാലയം പുനർനിർമിച്ച നെഹമിയായെ, ഈ നാളുകളിൽ ക്രൈസ്തവർ സ്വീകരിക്കേണ്ട വിശ്വാസ മാതൃകയായി പാപ്പ അവതരിപ്പിക്കുന്നു. ധർമ്മം ഒരിക്കലും ക്ഷയിക്കില്ല. കാരണം ധാർമ്മികതയുടെ അക്ഷരച്ചെപ്പിൽ ഇടർച്ചയുടെ വഴികളിൽ സഭ വരച്ചിടുന്ന വിശ്വാസപാതകളുണ്ട് ദൈവ നിവേശിതമായ ആ പാതകളിൽ നമ്മെ നയിക്കുവാൻ പരിശുദ്ധാത്മാവിന്റെ അറിവ് ജ്വലിക്കുന്ന അഗ്നിനാളങ്ങളുമുണ്ട്. ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**




# നിർമ്മിത ബുദ്ധിയിലൂടെ മാനവികതയുടെ പാത തെളിയട്ടെ: ലിയോ പാപ്പ

**ബാബു കദളിക്കാട്**

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** ലോക മനഃസാക്ഷിയുടെ ഏകകകണ്ഠമായ പ്രശംസ ഏറ്റുവാങ്ങുന്നു, 'നിർമ്മിത ബുദ്ധിയുടെ യുഗത്തിൽ മനുഷ്യവ്യക്തിയുടെ സംരക്ഷണം' എന്ന പ്രമേയവുമായുള്ള ലിയോ പതിനാലാമൻ പാപ്പായുടെ ചാക്രിക ലേഖനം. മാനവികതയുടെ പാത കണ്ടെത്തുന്നതിന് ഒരുമിച്ച് നടക്കാനും, കേൾക്കാനും, ഒരുമിച്ച് സംസാരിക്കാനും നിർമ്മിത ബുദ്ധിയുടെ കാലഘട്ടത്തിൽ സാധ്യമാകണമെന്ന് 'മാഞ്ഞിഫിക്ക ഹ്യൂമാനിത്താസ്" (മഹത്തായ മാനവികത) എന്ന ശീർഷകത്തിലുള്ള ചാക്രികലേഖനത്തിന്റെ പ്രകാശന കർമ്മം വത്തിക്കാനിലെ സിനഡൽ ശാലയിൽ നിർവഹിക്കവേ പപ്പാ ഓർമ്മിപ്പിച്ചു. സാങ്കേതികത്തികവും അത്ഭുതങ്ങളും ബൗദ്ധിക അങ്കലാപ്പുകളും ആശയക്കുഴപ്പങ്ങളും നിറഞ്ഞ വർത്തമാന കാലഘട്ടത്തിൽ ലിയോ പതിനാലാമൻ പാപ്പായുടെ ആദ്യത്തെ ചാക്രികലേഖനം മനുഷ്യൻ ആരാണ് എന്ന് ഓർമ്മിപ്പിക്കുന്നു, മനുഷ്യന്റെ മഹത്വം വിളംബരം ചെയ്യുന്നു.പ്രകാശന കർമ്മത്തിൽ പങ്കെടുക്കുവാൻ എത്തിയ ആന്ത്രോപിക് സഹസ്ഥാപകനായ ക്രിസ്റ്റഫർ ഒലായുടെ സാന്നിധ്യത്തിന് പാപ്പാ പ്രത്യേകം നന്ദിയർപ്പിച്ചു. വ്യത്യാസങ്ങൾ ഉണ്ടെങ്കിലും, അതിനിടയിൽ പരസ്പരമുള്ള ശ്രദ്ധ





പ്രത്യാശയുടെ വലിയ അടയാളമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.'ഇത് മനുഷ്യരാശിയുടെ ഭാവിയെ വിവേചിച്ചറിയുവാനുള്ള കൂട്ടായ പരിശ്രമങ്ങളെ എടുത്തുകാണിക്കുന്നു.'

## നിർമ്മിത ബുദ്ധിയുടെ പ്രത്യാഘാതങ്ങൾ

തന്റെ മുൻഗാമിയായ ലിയോ പതിമൂന്നാമൻ പാപ്പാ, 135 വർഷങ്ങൾക്ക് മുമ്പ്, ദ്രുതഗതിയിലുള്ള വ്യാവസായിക പരിവർത്തനം മൂലം, തൊഴിലാളികളുടെയും അവരുടെ വേരോടെ പിഴുതെറിയപ്പെട്ട കുടുംബങ്ങളുടെയും ദാരിദ്ര്യവസ്ഥയെ ചൂണ്ടികാണിച്ചു. മനുഷ്യന്റെ അന്തസ്സിനെ ഭീഷണിപ്പെടുത്തുന്ന യുഗമാറ്റത്തിന്റെ ഒരു സമയത്ത്, 'റേരും നോവാരും' എന്ന ചാക്രികലേഖനം ചെലുത്തിയ സ്വാധീനം നിർണ്ണായകമായിരുന്നു. ഈ ഒരു സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ പല മേഖലകളെയും സ്പർശിക്കുകയും മനുഷ്യ സഹവർത്തിത്വത്തെ രൂപപ്പെടുത്തുന്ന തീരുമാനങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്ന നിർമ്മിത ബുദ്ധിയുടെ പ്രത്യാഘാതങ്ങൾ വളരെ വലുതാണെന്ന് പാപ്പാ കൂട്ടിച്ചേർത്തു. വിശ്വാസത്തിന്റെ കണ്ണുകളാൽ, യുക്തിയുടെ വ്യക്തതയോടെ, രഹസ്യാത്മകതയോടുള്ള തുറന്ന മനസ്സോടുകൂടി ദരിദ്രരുടെ നിലവിളികൾ ശ്രവിക്കുവാൻ ഏവരും ക്ഷണിക്കപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ ഈ അവസ്ഥകൾ വ്യക്തമായതിൽ നിന്നുമാണ്, 'മാഞ്ഞിഫിക്ക ഹ്യുമാനിത്താസ്" ജന്മം കൊണ്ടതെന്നും പാപ്പാ ചൂണ്ടിക്കാട്ടി. സാങ്കേതികവിദ്യകളിൽ ആത്മാർത്ഥമായ ഉത്സാഹത്തോടെ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞരെയും എഞ്ചിനീയർമാരെയും താൻ ഈ ചാക്രിക ലേഖന രചനയ്ക്ക് വേണ്ടി ശ്രവിച്ചുവെന്നും, അതുപോലെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉള്ളവരുടെ ആശങ്കകളും തന്റെ ഈ രചനയ്ക്ക് ആധാരമാക്കിയിട്ടുണ്ടെന്നും പാപ്പാ പറഞ്ഞു. നിർമ്മിത ബുദ്ധിയുടെ അതിപ്രസരം ലോകത്തെ ഏറെ മാറ്റങ്ങൾക്ക് വിധേയമാക്കുന്ന കാലഘട്ടത്തിൽ മനുഷ്യരാശിയുടെ സേവനത്തിനായി നിർമ്മിത ബുദ്ധി ഉപയോഗിക്കുവാനും മനുഷ്യത്വം സംരക്ഷിക്കുവാനും പാപ്പാ ആഹ്വാനം ചെയ്തു.

## നിരായുധമാകണം – സാങ്കേതിക വികസനം

ഒരു മനുഷ്യനും ഒരു സർക്കാരിനും യഥാർത്ഥത്തിൽ നിയന്ത്രിക്കാൻ സാധിക്കാതെ വരുന്ന സ്വയംഭരണ ആയുധ സംവിധാനങ്ങൾ ഉയർത്തുന്ന ആശങ്കകൾ, ആരോഗ്യ സംരക്ഷണം, ജോലി, സുരക്ഷ എന്നിവയിലേക്കുള്ള പ്രവേശനം തടയുന്ന തരത്തിലുള്ള തെറ്റായ വിവരങ്ങൾ, തീരുമാനങ്ങൾ എടുക്കുമ്പോൾ നിശബ്ദരാക്കപ്പെടുന്ന ആളുകൾ, എന്നിവയെല്ലാം തന്റെ ശ്രദ്ധ പതിഞ്ഞ ഇടങ്ങൾ ആയിരുന്നു.അതിനാൽ നിർമ്മിത




ബുദ്ധിയുടെ സാങ്കേതിക വികസനം, നിരായുധമാകണം എന്ന തത്വമാണ് താൻ മുൻപോട്ടു വയ്ക്കുന്നത്. ആണവ നിരായുധീകരണത്തിനായി സഭ വളരെക്കാലമായി പ്രവർത്തിക്കുന്നുവെന്നത് ചൂണ്ടിക്കാണിച്ച പാപ്പാ, ഏതൊരു വലിയ സാങ്കേതിക ശക്തിക്കും ആളുകളുടെ ജീവിതത്തെ സ്വാധീനിക്കുവാൻ സാധിക്കുമെന്നും അതിനാൽ, മതിയായ ധാർമ്മിക വിവേചനവും, പൊതു പരിശോധനയും എല്ലാ കാര്യങ്ങളിലും നടപ്പാക്കണമെന്നും ഓർമ്മപ്പെടുത്തി. 'നിർമ്മിത ബുദ്ധി, ആധിപത്യത്തിന്റെയും ബഹിഷ്കരണത്തിന്റെയും മരണത്തിന്റെയും ഉപകരണമാക്കി മാറ്റുന്ന യുക്തിയിൽ നിന്ന് മോചിതരാകണം, അത് എല്ലാവരുടെയും സേവനത്തിലും പൊതുനന്മയിലും അടിസ്ഥാനപ്പെടുത്തണം'– പാപ്പാ പറഞ്ഞു. സാങ്കേതികവിദ്യ നമ്മുടെ വിമർശനാത്മക ബോധത്തെ ദുർബലപ്പെടുത്തുമ്പോൾ, സമാധാനം തന്നെ അപകടത്തിലാകുമെന്ന മുന്നറിയിപ്പും പാപ്പാ നൽകി. അതിനാൽ എല്ലാ മേഖലയിലും ഒരു പുനർനിർമാണം ആവശ്യമാണ്. ബന്ധങ്ങൾ നന്നാക്കുക, വിശ്വാസം പുനഃസ്ഥാപിക്കുക, ഭാവിയിൽ പ്രത്യാശ ഉണർത്തുക എന്നതാണ് പുനർനിർമ്മാണം അർത്ഥമാക്കുന്നത്. എല്ലാവരുടെയും അന്തസ്സ് സംരക്ഷിക്കാൻ കഴിവുള്ള കൂടുതൽ നീതിയുക്തമായ സഹവർത്തിത്വം ഇന്നത്തെ കാലത്ത് ഏറെ ആവശ്യമാണെന്നും പാപ്പാ എടുത്തു പറഞ്ഞു.

**സ്നേഹത്തിന്റെ നാഗരികത**

ഒരു യന്ത്രത്തിനും പകരം വയ്ക്കാൻ കഴിയാത്ത സ്നേഹം ഉള്ളിൽ പേറുന്നവനാണ് ഓരോ വ്യക്തിയും എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, ഈ സമഗ്രകാഴ്ചപ്പാടിലൂടെ, ബുദ്ധിയെ പൊതുനന്മയിലേക്ക് നയിക്കണം. ഇതാണ് സ്നേഹത്തിന്റെ നാഗരികതയെന്നും, തന്റെ മുൻഗാമികളായ, വിശുദ്ധ പോൾ ആറാമനെയും, വിശുദ്ധ ജോൺ പോൾ രണ്ടാമനെയും ഉദ്ധരിച്ചുകൊണ്ട് പാപ്പാ പറഞ്ഞു. നിർമ്മിത ബുദ്ധിയെക്കുറിച്ചുള്ള സംഭാഷണങ്ങളുടെ ഭാഗമാകാൻ സഭ വിനയത്തോടെയും തുറന്ന മനസ്സോടെയും ആഗ്രഹിക്കുന്നു. ദൈവത്തെ അന്വേഷിക്കാനും മറ്റുള്ളവരെ സേവിക്കാനും നമ്മുടെ പൊതു ഭവനത്തെ പരിപാലിക്കാനും കഴിവുള്ള, സ്വതന്ത്രവും ബുദ്ധിമാനുമായ ഒരു വിഷയമാണിത്. 'പരസ്പരം കേൾക്കുവാനും, ഇപ്പോഴത്തെ വെല്ലുവിളികളെ ധൈര്യത്തോടെ നേരിടാനും, കൂടുതൽ മാനുഷികവും സാഹോദര്യപരവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനും, സഹകരിക്കാനും നമുക്ക് പഠിക്കാം'. ❍




# പാപ്പ പറയുന്നു : പൊതുനന്മയാണ് പ്രധാനം

**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ

**SPECIAL REPORT**



**വത്തിക്കാൻ സിറ്റി :** ലിയോ പതിമൂന്നാമൻ പാപ്പായുടെ 'റേരും നൊവാരും', ചാക്രികലേഖനത്തിന്റെ 135–ാം വാർഷികദിനമായ, മെയ് മാസം പതിനഞ്ചാം തീയതിയാണ്, ലിയോ പതിനാലാമൻ പാപ്പാ, 'മാഞ്ഞിഫിക്ക ഹ്യൂമാനിത്താസ്" ചാക്രികലേഖനത്തിൽ ഒപ്പുവച്ചത്. അഞ്ചു അദ്ധ്യായങ്ങളിലായി വിവരിച്ചിരിക്കുന്ന ചാക്രികലേഖനത്തിൽ 'സാങ്കേതികവിദ്യ' വ്യക്തിയുമായി ബന്ധപ്പെട്ട ഒരു വൈരുദ്ധ്യ ശക്തി' അല്ല എന്ന് ചൂണ്ടിക്കാട്ടിയ ശേഷം ധീരമായ സഹ–ഉത്തരവാദിത്തത്തിന്റെയും കൂട്ടായ്മയുടെയും യുക്തി പിന്തുടർന്ന് 'നന്മയിൽ കെട്ടിപ്പടുക്കുന്ന മാനവികത തുടരുവാൻ പാപ്പാ ആഹ്വാനം ചെയ്യുന്നു.

**1.** ലേഖനത്തിന്റെ ആദ്യ അധ്യായത്തിൽ, സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളെക്കുറിച്ചുള്ള വിവരണമാണുള്ളത്.രണ്ടാം അധ്യായത്തിൽ, സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ അടിത്തറകളും തത്ത്വങ്ങളും എടുത്തു പറയുന്നു. ദൈവത്തിന്റെ പ്രതിച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട വ്യക്തിയുടെ അന്തസിനേയും, ഗർഭധാരണം മുതൽ സ്വാഭാവിക മരണം വരെ ജീവിക്കാനുള്ള അവകാശം ഉൾപ്പെടെയുള്ള മനുഷ്യാവകാശങ്ങളുടെ ലംഘനമില്ലായ്മ, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളുടെ അംഗീകാരം, സ്ത്രീകളുടെ സാമൂഹിക സ്ഥാനം എന്നിങ്ങനെ വിവിധ സാമൂഹിക വിഷയങ്ങൾ പ്രതിപാദിക്കുന്നു. സഭയുടെ സാമൂഹിക സിദ്ധാന്തങ്ങള

ടെ അഞ്ചു പ്രധാനപ്പെട്ട മാനങ്ങളെ അടിവരയിട്ടു പറയുന്നു. പൊതുനന്മയാണ് അതിൽ പ്രഥമ സ്ഥാനത്ത് നിൽക്കുന്നത്. പൊതുനന്മയുടെ പ്രോത്സാഹനത്തെ ഒരിക്കലും ജനങ്ങളുടെ നിലനിൽപ്പിനുള്ള അവകാശത്തിൽ നിന്നും വേർപെടുത്തുക സാധ്യമല്ലെന്നു പറഞ്ഞ പാപ്പാ, 'ഒരു രാഷ്ട്രത്തെ ഉന്മൂലനം ചെയ്യാനോ കീഴടക്കാനോ ഉള്ള ഏതൊരു ശ്രമവും പദ്ധതിയും ഗുരുതരമായ അധാർമ്മികതയും അതിനാൽ അസ്വീകാര്യവുമായ പ്രവൃത്തിയാണെന്നും' കൂട്ടിച്ചേർക്കുന്നു.

**2.** രണ്ടാമത്തെ തത്വം ഉത്പ്പന്നങ്ങളുടെ സാർവത്രിക ലക്ഷ്യസ്ഥാനവുമായി ബന്ധപ്പെട്ടതാണ്. സാങ്കേതികവിദ്യകൾ ചുരുക്കം ചിലരുടെ കൈകളിൽ കേന്ദ്രീകരിക്കപ്പെടേണ്ടതല്ല. ഇതിനായി സഹ ഉത്തരവാദിത്വത്തിന്റെയും, ഉത്തരവാദിത്വത്തിന്റെയും തത്വങ്ങളും പാപ്പാ അടിവരയിടുന്നു. സാമൂഹിക നീതിയെ പറ്റിയും പാപ്പാ വിശദീകരിക്കുന്നു. ഡിജിറ്റൽ യുഗത്തിൽ, എല്ലാവർക്കും അവസരങ്ങളുടെ തുല്യ പ്രവേശനം ഉറപ്പുനൽകണം, ഏറ്റവും ദുർബലരായവരെ സംരക്ഷിക്കണം, വിദ്വേഷത്തെയും തെറ്റായ വിവരങ്ങളെയും പ്രതിരോധിക്കണം, സാങ്കേതികവിദ്യകളുടെ ഉപയോഗം പൊതു പരിശോധനയ്ക്ക് വിധേയമാക്കണം.

**3.** മൂന്നാം അധ്യായം, നിർമ്മിത ബുദ്ധിക്കായുള്ള ഒരു ധാർമ്മിക സംഹിതയുടെ ആവശ്യം എടുത്തു പറഞ്ഞുകൊണ്ട്, സാങ്കേതികതയും ആധിപത്യവും, നിർമ്മിത ബുദ്ധിയുടെ വാഗ്ദാനങ്ങൾക്ക് മുന്നിൽ മനുഷ്യ വ്യക്തിയുടെ മഹത്വം എന്ന തലക്കെട്ടിൽ വിവരിക്കുന്നു. നിർമ്മിത ബുദ്ധിയുടെ സാങ്കേതിക വികസനത്തെ ജാഗ്രതയോടെ സമീപിക്കേണ്ടതാവശ്യം. അതിന്റെ എല്ലാ ഘട്ടങ്ങളുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ച് വ്യക്തത നിലനിർത്തുകയും മതിയായ നയങ്ങളിലും നിയമ ചട്ടക്കൂടുകളിലും സ്വതന്ത്ര മേൽനോട്ടത്തിലും ഉപയോക്തൃ വിദ്യാഭ്യാസത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യണം. ഇവിടെ നിർമ്മിത സാങ്കേതിക ബുദ്ധിയുടെ ഉപയോഗം നിരായുധമാക്കേണ്ടതിന്റെ ആവശ്യകതയും പാപ്പാ ചൂണ്ടിക്കാണിക്കുന്നു.

**4.** സാമൂഹിക പരിവർത്തനത്തിൽ മനുഷ്യനെ കാത്തുസൂക്ഷിക്കുവാനും തൊഴിൽ , സ്വാതന്ത്ര്യം, സത്യം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഒരു 'ആശയവിനിമയത്തിന്റെ പരിസ്ഥിതി' കാത്തുസൂക്ഷിക്കുവാനും പാപ്പാ നാലാം അധ്യായത്തിൽ ആഹ്വാനം ചെയ്യുന്നു. സുതാര്യത, വ്യക്തിഗത ഡാറ്റയുടെ സംരക്ഷണം, ഗൗരവമായ പത്രപ്രവർത്തനം, എന്നിവയെല്ലാം പാപ്പാ എടുത്തു പറയുന്നു. തൊഴിലിന്റെ മാന്യത, സമാധാനപൂർവ്വകമായ പുരോഗതി, മാനവിക സ്വാതന്ത്ര്യം, എന്നിവയെല്ലാം വിവരിക്കുന്നു.

അധികാരത്തിന്റെ സംസ്കാരവും സ്നേഹത്തിന്റെ നാഗരികതയും എന്നതാണ് അവസാന അധ്യായത്തിന്റെ തലക്കെട്ട്. ആയുധ വ്യവസായത്തിന്റെ വളർച്ച, ആണവായുധ മത്സരം, ജിഹാദികൾ ഉൾപ്പെടെയുള്ള പുതിയ സായുധ സംഘങ്ങളുടെ ആവിർഭാവം എന്നിവയെ പാപ്പാ അപലപിക്കുന്നു.പൊതുനന്മയ്ക്ക് അനുകൂലമായ മൂല്യങ്ങളുടെ നിലവിലെ പ്രതിസന്ധിയെ മറികടക്കുവാൻ സാധിക്കുമെന്ന് പാപ്പാ പ്രത്യാശ പ്രകടിപ്പിക്കുന്നു. 'സ്നേഹത്തിന്റെ നാഗരികത' കെട്ടിപ്പടുക്കുന്നതി





ലൂടെ ബലത്തിന്റെ യുക്തിയെ പരിപോഷിപ്പിക്കണോ അതോ സമാധാനം നില നിർത്തണോ എന്ന് തീരുമാനിച്ചുകൊണ്ട് അധികാര സംസ്കാരത്തോട് പ്രതിക രിക്കാനാണ് ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നതെന്ന് പാപ്പാ എടുത്തു പറയുന്നു. സുവിശേഷത്തിന്റെ വെളിച്ചത്തിൽ പുതിയ സാങ്കേതികവിദ്യകൾക്കൊ പ്പം വസിക്കുവാൻ ഏവരെയും ക്ഷണിക്കുന്നു. അപ്രകാരം, നിർമ്മിത ബുദ്ധിയുടെ കാലഘട്ടത്തിലും,'ദൈവം വസിക്കുന്ന മഹത്തായ മനുഷ്യരാശിയുടെ സൗന്ദര്യ ത്തിന്' സാക്ഷ്യം വഹിക്കാൻ കഴിയും.

**സ്നേഹം തുളുമ്പുന്ന മനുഷ്യമുഖം**

'എത്രത്തോളം അത്യാധുനികമെങ്കിലും ഏതൊരു കമ്പ്യൂട്ടർ സംവിധാനത്തിനും മാനവരാശിയ്ക്കായി സ്വയം സമർപ്പിക്കുന്ന ഒരു ഹൃദയമോ നന്മതിന്മകൾ തിരി ച്ചറിയുന്ന ഒരു മനഃസാക്ഷിയെയോ സൃഷ്ടിക്കാനാകില്ല. യന്ത്രങ്ങൾ കാര്യക്ഷമ തയിൽ എത്ര മുന്നിലായാലും സ്നേഹം തുളുമ്പുന്ന ഒരു മനുഷ്യമുഖം തന്നെയാണ് മാനവ ചരിത്രത്തിന്റെ കേന്ദ്രം. മനുഷ്യനാണ് ചരിത്രത്തിന്റെ പൂർണത. എല്ലാറ്റി നെയും ഒന്നിപ്പിക്കുന്ന ചരിത്രവുമാണിത്'. പാപ്പാ എഴുതുന്നു: മനുഷ്യന്റെ അന്തസ് ഭീഷണി നേരിടുന്ന കൃത്രിമബുദ്ധിയുടെ ഈ യുഗത്തിൽ, ആഴമേറിയ മനുഷ്യത്വ ത്തോടെ ജീവിക്കുക എന്നത് പ്രധാന കടമയാണ്. മനുഷ്യത്വത്തിന്റെ മഹത്വ ത്തെ സ്നേഹത്തോടെ സംരക്ഷിക്കണം. അതിന്റെ തിളക്കം ഇല്ലാതാക്കാൻ ഒരു യന്ത്രത്തിനും കഴിയില്ല. യഥാർത്ഥ പുരോഗതി എപ്പോഴും ഉണ്ടാകുന്നത് മറ്റുള്ള വർക്കായി തുറന്നുവച്ച ഹൃദയത്തിൽ നിന്നും കേൾക്കാൻ തയ്യാറുള്ള ബുദ്ധിയിൽ നിന്നും ഭിന്നിപ്പിക്കുന്നതിനെക്കാൾ ഒന്നിപ്പിക്കുന്നതിനെ തിരയുന്ന മനസിൽ നിന്നുമാണ്.

**ആത്മീയതലത്തിലെ ദീർഘദർശിത്വം**

'മാഞ്ഞിഫിക്ക ഹ്യൂമാനിത്താസ്' വായിക്കുമ്പോൾ ലിയോ പതിനാലാമൻ മാർ പാപ്പയുടെ തീക്ഷ്ണമായ ആത്മീയ ദീർഘദർശിത്വവും ബൗദ്ധിക പ്രതിഭയും




തിരിച്ചറിയാനാകുന്നതായി ലോകമെങ്ങും നിന്നുള്ള നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. മനുഷ്യൻ ആരാണെന്നും അമിതമായി സാങ്കേതികവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിൽ എന്താണ് അപകടത്തിലായിരിക്കുന്നത് എന്നും അത് മാനവരാശിയെ ഓർമ്മിപ്പിക്കുന്നു. കൃത്രിമബുദ്ധിയുടെ പ്രതീക്ഷകൾക്കും ഭീഷണികൾക്കും ഉള്ള കൃത്യമായ മറുപടിയാണ് ഈ ചാക്രിക ലേഖനം. രണ്ട് ബൈബിൾ ചിത്രങ്ങൾ നൽകിക്കൊണ്ടാണ് ലിയോ പതിനാലാമൻ ആരംഭിക്കുന്നത്, ഇതിൽ ഏതുവേണമെങ്കിലും ഭാവിയിൽ തെരഞ്ഞെടുക്കാം. ബാബേൽ ഗോപുരത്തിന്റെ നിർമ്മാണം അല്ലെങ്കിൽ ജെറുസലേമിന്റെ മതിലുകളുടെ പുനർനിർമ്മാണം (നെഹമ്യാവ്). 'ഈ രണ്ട് ചിത്രങ്ങളുടെ വെളിച്ചത്തിൽ സാങ്കേതികവിദ്യയുമായുള്ള മാനവരാശിയുടെ ബന്ധത്തെക്കുറിച്ചും ഡിജിറ്റൽ വിപ്ലവത്തെക്കുറിച്ചും ഓർക്കാം. ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ മനുഷ്യനെ ഏല്പിച്ചിരിക്കുന്ന താലന്തുകളാണ്. അവ ഫലം പുറപ്പെടുവിക്കേണ്ടവയാണ്. സാങ്കേതികവിദ്യക്ക് മാനവരാശിയുടെ പൊതുഭവനമായ ഭൂമിയെ സുഖപ്പെടുത്താനും ബന്ധിപ്പിക്കാനും വിദ്യാഭ്യാസം നൽകാനും സംരക്ഷിക്കാനും കഴിയും. എന്നാൽ അതിന് ഭിന്നിപ്പിക്കാനും മാറ്റിനിർത്താനും പുതിയ രീതിയിലുള്ള അനീതികൾ ഉണ്ടാക്കാനും കഴിയും.'

**സാങ്കേതികവിദ്യ നിഷ്പക്ഷമല്ല**

സാങ്കേതികവിദ്യ എന്നത് മാത്രം മനുഷ്യന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരമല്ല, അതുപോലെ അത് സ്വയം ഒരു തിന്മയുമല്ല. എന്നാൽ പ്രായോഗികമായി, സാങ്കേതികവിദ്യ ഒരിക്കലും നിഷ്പക്ഷമല്ല. കാരണം അത് നിർമ്മിക്കുന്നവരുടെ, പണം മുടക്കുന്നവരുടെ, നിയന്ത്രിക്കുന്നവരുടെ, ഉപയോഗിക്കുന്നവരുടെ സ്വഭാവം അത് കാണിക്കുന്നു. അതിനാൽ, വേണ്ട തെരഞ്ഞെടുപ്പ് സാങ്കേതികവിദ്യയോട് "അതെ' അല്ലെങ്കിൽ 'അല്ല' എന്ന് പറയുന്നതല്ല, മറിച്ച് ബാബേൽ നിർമ്മിക്കുന്നതാണോ അതോ ജെറുസലേം പുനർനിർമ്മിക്കുന്നതാണോ വേണ്ടത് എന്നതാണ്. ഭരിക്കാൻ നോക്കുന്ന ഒരു ശക്തിയും സാഹോദര്യത്തോടെ ഒന്നിച്ച് പ്രവർത്തിക്കുന്ന

ഒരു ജനതയും തമ്മിലുള്ള തെരഞ്ഞെടുപ്പാണിത്. ചെർണോബിൽ രീതിയിലുള്ള ആണവ ദുരന്തത്തെക്കുറിച്ചോ യന്ത്രങ്ങൾ മനുഷ്യനെ കീഴടക്കുന്നതിനെക്കുറിച്ചോ അല്ല ലിയോ പാപ്പ സംസാരിക്കുന്നത്. മറിച്ച്, കൃത്രിമബുദ്ധിയുടെ നന്മകളെ പ്രതീക്ഷിക്കുന്നു. അതേസമയം ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ അത് മനുഷ്യന്റെ വില കളയുകയും സമൂഹത്തെ വികൃതമാക്കുകയും ചെയ്യുമെന്ന് മുന്നറിയിപ്പ് നൽകുന്നു. 'പുതിയ രീതിയിലുള്ള മനുഷ്യത്വരഹിതമാക്കലുകൾ വഴി മനുഷ്യന്റെ അന്തസ് ഭീഷണി നേരിടുന്ന കൃത്രിമബുദ്ധിയുടെ ഈ യുഗത്തിൽ, ആഴത്തിൽ മനുഷ്യനായി ജീവിക്കുക എന്നത് മാനവരാശിയുടെ പ്രധാന കടമയാണ്.' 'ഓരോ വ്യക്തിയും സ്വന്തം മൂല്യം തെളിയിക്കണമെന്ന് പറയുന്ന രീതി വളരെ അപകടകരമാണ്. ഇത് കൂടുതൽ കാര്യക്ഷമതയുള്ളവർക്ക് കൂടുതൽ വില നൽകുന്ന അവസ്ഥയുണ്ടാക്കുന്നു. ഈ കാഴ്ചപ്പാടിൽ, മനുഷ്യൻ വെറും ലാഭമുണ്ടാക്കാനുള്ള ഒരു ഉപകരണമായി മാറുന്നു. അവനെ ചൂഷണം ചെയ്യാനുള്ള ഒരു വിഭവമായി മാത്രം കാണുന്നു. എന്നാൽ മനുഷ്യന്റെ മൂല്യം അവൻ ഉല്പാദിപ്പിക്കുന്നതിനെ ആശ്രയിച്ചല്ല ഇരിക്കുന്നത്. മനുഷ്യനായി ജനിച്ചതുകൊണ്ട് മാത്രം എല്ലാവർക്കും ചില അവകാശങ്ങളുണ്ട്, ഒരു മനുഷ്യശക്തിക്കും അവയെ നിഷേധിക്കാനോ തടയാനോ കഴിയില്ല.'

## കൃത്രിമ ബുദ്ധിയിൽ നന്മയുണ്ട്, പക്ഷെ ...

കൃത്രിമബുദ്ധിയിൽ നിന്ന് ലഭിക്കുന്ന പല നന്മകളെയും മാർപാപ്പ അംഗീകരിക്കുന്നുണ്ട്. വേഗതയേറിയ സേവനങ്ങൾ, വിവരങ്ങളിലേക്ക് വേഗത്തിൽ എത്താനുള്ള സൗകര്യം, പുതിയ തൊഴിലവസരങ്ങൾ എന്നിവയെല്ലാം. എന്നാൽ ഈ സാങ്കേതിക വിപ്ലവത്തോടൊപ്പം ഉണ്ടാകുന്ന ധാർമ്മിക ചോദ്യങ്ങൾ ചോദിക്കാൻ ധൈര്യപ്പെടുന്ന ചുരുക്കം ചിലരിൽ ഒരാളാണ് പാപ്പാ. ചരിത്രത്തിന് മുന്നിൽ നിന്ന് 'ചിന്തിക്കൂ!' എന്ന് വിളിച്ചുപറയാൻ ലിയോ പാപ്പാ തയ്യാറാകുന്നു. ഈ ചോദ്യങ്ങൾക്ക് ലോകം മറുപടി നൽകാൻ വൈകിയാൽ എന്ത് സംഭവിക്കും എന്ന് ആശങ്കപ്പെടുന്നു. ഏറ്റവും വലിയ ശാസ്ത്ര പുരോഗതിയും സാങ്കേതിക നേട്ടങ്ങളും സാമ്പത്തിക വളർച്ചയും ഉണ്ടായാലും, അതിനൊപ്പം ധാർമ്മികവും സാമൂഹികവുമായ പുരോഗതിയില്ലെങ്കിൽ, അത് മനുഷ്യന് തന്നെ എതിരായി മാറും. ഇക്കാരണത്താൽ, സാങ്കേതിക പുരോഗതിക്ക് കൃത്യമായ ഒരു ധാർമ്മിക കാഴ്ചപ്പാട് ആവശ്യമാണ്. ധാർമ്മികമായ പുരോഗതിയില്ലാതെ സാങ്കേതികവിദ്യ മാത്രം വളർന്നാൽ, 'കൂടുതൽ മെച്ചപ്പെട്ട മനുഷ്യനാകുന്നതിന്' പകരം 'കൂടുതൽ സാധനങ്ങൾ സ്വന്തമാക്കുക' എന്നത് മാത്രമായി മാറും ലക്ഷ്യം. അങ്ങനെയുണ്ടായാൽ, മനുഷ്യൻ തനിക്ക് എന്ത് പ്രയോജനം എന്നു നോക്കി പ്രവർത്തിക്കും.

## നമുക്ക് സ്നേഹത്തിന്റെ സംസ്കാരം മതി

'കൃത്രിമബുദ്ധി കാരണം വൻതോതിൽ ജോലികൾ ഇല്ലാതാവുകയും കുടുംബങ്ങളുടെ വരുമാനം നിലയ്ക്കുകയും ചെയ്താൽ സമൂഹത്തിന് എന്ത് സംഭവിക്കും? വിവരങ്ങൾക്ക് പകരം തെറ്റായ വാർത്തകൾ നിറഞ്ഞാലോ? കാര്യക്ഷമതയ്ക്ക് മാത്രം വില നൽകുകയും, കഴിവില്ലാത്തവരെന്ന് കരുതപ്പെടുന്നവരെ ഹൃദയശൂന്യമായി മാറ്റിനിർത്തുകയും ചെയ്താൽ എന്ത് സംഭവിക്കും? സാങ്കേതികവിദ്യകളിൽ മുഴുകി മനുഷ്യബന്ധങ്ങളും കുടുംബങ്ങളും തകർന്നാൽ എന്ത് സംഭവിക്കും? യുദ്ധങ്ങൾ എളുപ്പമാവുകയും സൗഹൃദങ്ങൾ ഇല്ലാതാവുകയും ചെയ്താൽ എന്ത് സംഭവിക്കും? സാങ്കേതിക ശക്തി ആണവായുധ മത്സരങ്ങളെക്കാൾ വലുതായാൽ എന്ത് സംഭവിക്കും? നമ്മൾ അധികാരത്തിന്റെ സംസ്കാരമാകുമോ അതോ സ്നേഹത്തിന്റെ



സംസ്കാരമാകുമോ?' ഉപസംഹാരമായി ലിയോ പതിനാലാമൻ പാപ്പാ പറയുന്നു: 'നമ്മൾ ഭാവിയെ നോക്കുമ്പോൾ, നെഹമ്യാവിനെ ഓർക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നെഹമ്യാവ് തകർന്നടിഞ്ഞ ഒരു നഗരത്തിന്റെ നിലവിളി കേട്ടതിനെയാണ് ഓർമ്മിപ്പിക്കുന്നത്. സഹായം തേടി, മടങ്ങാൻ അനുവാദം വാങ്ങി, ജോലി സംഘടിപ്പിച്ചു, എതിർപ്പുകളെ നേരിട്ടു. അങ്ങനെ ജനങ്ങളുടെ സഹായത്തോടെ ജെറുസലേമിന്റെ മതിലുകൾ കല്ലോടുകല്ല് ചേർത്ത് അവർ പുനർനിർമ്മിച്ചു. ഈ ഡിജിറ്റൽ മാറ്റത്തിന്റെ കാലത്ത്, മാനവരാശിയുടെ വിളിയുടെ ഒരു ഉദാഹരണമായി അതിനെ കാണുന്നു. മനുഷ്യർ വെറും കാഴ്ചക്കാരാകേണ്ടവരല്ല. തകരുന്നതിനെക്കുറിച്ച് വെറുതെ പറയേണ്ടവരുമല്ല. മറിച്ച് തകർന്നടിഞ്ഞവ പുനർനിർമ്മിക്കാനും ഭീഷണി നേരിടുന്നവ സംരക്ഷിക്കാനും തയ്യാറാകണം. അതിനായി ലബോറട്ടറികൾ, സാങ്കേതിക കമ്പനികൾ, സ്കൂളുകൾ, മാധ്യമങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഇറങ്ങിച്ചെല്ലണം. നെഹമ്യാവിനെപ്പോലെ ധൈര്യം കാണിക്കാനും ഉത്തരവാദിത്തം ഏറ്റെടുക്കാനും തയ്യാറാകണം. സാങ്കേതിക മനോഭാവങ്ങളോ സ്വന്തം താല്പര്യങ്ങളോ വിജയിക്കുന്നതായി തോന്നിയാലും മാനവരാശിയുടെ ഇടങ്ങൾ ജീവിക്കാൻ കൂടുതൽ അനുയോജ്യമായ സ്ഥലമായി മാറ്റാൻ കഴിയണം.' ❍


TQRCG

അക്കാപുൽക്കോ
പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച
കുഞ്ഞമ്മ മൈക്കിളിന്റെ

# അമ്മറിയാൻ

2026
ജൂലായ്
**18**
ശനി, 2 PM

## പുസ്തക പ്രകാശനവും സതീർത്ഥ്യ സംഗമവും




**വേദി : കോട്ടപ്പുറം വികാസ്**

ഉദ്ഘാടനം



സിപ്പി പള്ളിപ്പുറം

പ്രകാശനം



ഫാ.റോക്കി റോബിൻ കളത്തിൽ
(വികാർ ജനറൽ, കോട്ടപ്പുറം രൂപത)

പുസ്തക സ്വീകരണം



അഡ്വ.മോഹൻകുമാർ

പുസ്തക പരിചയം



ബക്കർമേത്തല

അദ്ധ്യക്ഷത



ചന്ദ്രൻ കുന്നപ്പിള്ളി

പങ്കെടുക്കുന്നവർ :
ജോസ് മാസ്റ്റർ, ആന്റണി ചടയംമുറി,
ശശിധരൻ എൻ.ആർ, വി.എസ്.രവീന്ദ്രൻ, മേരി ടീച്ചർ

പങ്കെടുക്കുക.....
വിജയിപ്പിക്കുക...



# പരിശുദ്ധ മറിയം ആധുനിക ലോകത്തിൽ പ്രത്യാശയുടെ പ്രതീകം

**SPECIAL REPORT**

ഡോ. എഡ്വേർഡ് എടേഴത്ത്
യു. എസ്. എ.



പരിശുദ്ധാ കന്യകാമറിയത്തിന്റെ ഭക്തിക്കായി പ്രത്യേകം സമർപ്പിച്ചിരിക്കുന്ന മാസമാണ് മെയ്മാസം. ദൈവത്തിൽ തന്റെ ജീവിതം പൂർണ്ണമായി സമർപ്പിച്ച ഒരു അമ്മ എന്ന നിലയിൽ, പരിശുദ്ധാ കന്യകാമറിയം ഏവർക്കും ഒരു വലിയ മാതൃകയാണ്. യേശുവിനോട് ചേർന്നുള്ള പരിശുദ്ധാ മറിയത്തിന്റെ ജീവിതത്തെ ആസ്പദമാക്കിയ ചിന്തകൾ ദൈവമാതാവും നിത്യകന്യകയുമായ പരിശുദ്ധാ മറിയത്തിനു തിരുസഭ പ്രത്യേകം സമർപ്പിച്ചിരിക്കുന്ന മെയ് മാസത്തിന്റെ സമാപനത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. വസന്തകാലത്തിന്റെ പൂക്കളും പുതുജീവന്റെ സൗന്ദര്യവും പേറുന്ന നമ്മുടെ അമ്മയായ പരിശുദ്ധാ മറിയത്തിന്റെ ആത്മീയ സൗന്ദര്യത്തിലേക്കാണ് ഈ ദിനങ്ങൾ നമ്മെ നയിക്കുന്നത്. ഭൂമിയിൽ വിരിയുന്ന ഓരോ മുകുളവും പ്രത്യാശയുടെ അടയാളങ്ങളാണ്. പുരോഗതിയുടെയും മാറ്റങ്ങളുടെയും സത്ഫലങ്ങൾ ലോകത്തെ നയിക്കുമ്പോഴും, യുദ്ധവും പട്ടിണിയും അസമാധാനവും ആധുനിക സാങ്കേതിക രംഗത്തെ അരക്ഷിതാവസ്ഥകളും മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും വിതറുന്ന നിരാശയും നിസ്സംഗതയും അവഗണിക്കാനാവുന്നതല്ല. പ്രതീക്ഷകളും സ്വപ്നങ്ങളും ഇല്ലാതാകുന്ന മനുഷ്യൻ, സ്വയം നശിക്കുകയും, മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ, ഇരുൾ മൂടുന്ന അനുദിനജീവിതത്തിന്റെ ചുറ്റുപാടുകളിൽ നിന്ന് പ്രത്യാശയുടെ വെളിച്ചം കണ്ടെത്തുക എന്ന മനുഷ്യ സമൂഹത്തിന്റെ വെല്ലുവിളിക്കുള്ള പരിഹാരമാണ് പരിശുദ്ധാ മറിയം. ദിവ്യരഹസ്യം നിറഞ്ഞ പനിനീർ പുഷ്പമായ പരിശുദ്ധാ മറിയം, ചരിത്രത്തിലുടനീളം സ്വർഗത്തിലേക്ക് തീർ

ത്ഥാടനം ചെയ്യുന്ന സഭാമക്കൾക്ക് പ്രത്യാശയുടെ പ്രതീകമാണ്. പൗലോസ് ശ്ലീഹ പ്രഘോഷിക്കുന്നത് പോലെ പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമ 5/5). പ്രത്യാശയായ ക്രിസ്തുവിനെ (1 തിമോ 1/1) ശരീരത്തിലും ഹൃദയത്തിലും വഹിച്ച പരിശുദ്ധ മറിയം, മനുഷ്യജീവിതത്തിന് പ്രത്യാശയുടെ അടയാളമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള പ്രബോധന രേഖയായ 'ജനതകളുടെ പ്രകാശം' അടിവരയിട്ട് പഠിപ്പിക്കുന്നു. പരിശുദ്ധ മറിയം ആധുനിക ലോകത്തിൽ പ്രത്യാശയുടെ അടയാളവും അതിജീവനത്തിന്റെ കരുത്തുമാണ്.

**പ്രത്യാശയുടെ തീർത്ഥാടനം**

ദൈവത്തിന്റെ രക്ഷാകര പദ്ധതിയിലുള്ള മറിയത്തിന്റെ ഭാഗഭാഗിത്വം മംഗള വാർത്ത മുതൽ ആരംഭിക്കുന്നു. മംഗളവാർത്തദിനം മറിയത്തിന്റെ ജീവിതത്തിലെ സ്വപ്രതീക്ഷകളുടെ അസ്തമയവും സാമൂഹികമായ അപമാനത്തെ കുറിച്ചുള്ള ഭയത്തിന്റെ ആരംഭവും ആയിരുന്നു. സകലവും അവ്യക്തവും അനിശ്ചിതവുമായിരുന്ന ആ സാഹചര്യങ്ങളുടെ മധ്യത്തിൽ നിന്നുകൊണ്ടാണ് മറിയം 'അതെ' എന്ന സമ്മതം കൊണ്ട് പ്രത്യാശ തന്നെയായ ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ചത്. ജീവിതത്തിലെ സങ്കടങ്ങളുടെ കാലിത്തൊഴുത്തും സഹനങ്ങളുടെ കാൽവരിയും അതിജീവിച്ച്, പുനരുത്ഥാനത്തിന്റെ പ്രത്യാശയിൽ സന്തോഷിക്കുവാൻ മറിയത്തിന്റെ 'അതെ' എന്ന 'സമ്മതത്തിന് ' കഴിഞ്ഞു. ദൈവീകമായ വാഗ്ദാനങ്ങളിൽ സംശയലേശമെന്യേ വിശ്വസിക്കാൻ കഴിയുന്ന ഹൃദയത്തിൽ മാത്രമേ പ്രത്യാശ പ്രവേശിക്കുകയുള്ളുവെന്നാണ് മറിയം നമ്മെ പഠിപ്പിക്കുന്നത്. പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പാ 2025 ലെ പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിൽ നൽകിയ സന്ദേശത്തിൽ ഇങ്ങനെ പറയുന്നു : യേശു "അതെ" എന്ന് പറഞ്ഞതുപോലെ, മറിയവും "അതെ" എന്ന് പറഞ്ഞു; അവൾ കർത്താവിന്റെ വചനത്തിൽ വിശ്വസിച്ചു. അവളുടെ ജീവിതം മുഴുവൻ ദൈവപുത്രനായ തന്റെ മകനോടൊപ്പം നടത്തിയ പ്രത്യാശയുടെ തീർത്ഥാടനമായിരുന്നു; കുരിശിലൂടെയും പുനരുത്ഥാനത്തിലൂടെയും ദൈവീകമായ ആശ്ലേഷത്തിൽ സ്വർഗ്ഗീയരാജ്യത്തിലെത്തിയ ഒരു തീർത്ഥാടനമായിരുന്നു അത്". 2025 ജൂബിലി വർഷത്തിന്റെ പ്രമേയമായ പ്രത്യാശയുടെ തീർത്ഥാടകർ" എന്ന ആശയത്തോട് ചേർത്ത്, മറിയം മനുഷ്യരെ ദൈവത്തിലേക്കു നയിക്കുന്ന പ്രത്യാശയുടെ അടയാളമാണെന്നും പാപ്പാ ഓർമിപ്പിക്കുന്നു. മറിയത്തിന്റെ സമ്മതം, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവളായി അവളെ ചേർത്തുനിർത്തിയെങ്കിലും, സാധാരണ ജീവിതത്തിന്റെ പ്രതിസന്ധികളും പ്രശ്നങ്ങളും അവളെ വിട്ടുപോയതേയില്ല. ബെത്ലഹേമിലേക്കുള്ള യാത്രയും, ഈജിപ്റ്റിലേക്കുള്ള പലായനവും നസറത്തിലേക്കുള്ള മടങ്ങിവരവും ബാലനായ യേശുവിനെ അന്വേഷിച്ചുള്ള ആകുലതകളും, കുരിശു വഴിയിലെ ക്ലേശങ്ങളും കുരിശിൻ ചുവട്ടിലെ വേദനയും തുടങ്ങിയ സങ്കീർണ്ണവും ഗാഢവുമായ ജീവിതാവസ്ഥകളിൽ പതറാതെ മറിയം നിന്നു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'രക്ഷകന്റെ അമ്മ' എന്ന പ്രബോധനത്തിൽ മറിയത്തിന്റെ ഈ വിശ്വാസയാത്രയെ "പ്രത്യാശയുടെ തീർത്ഥാടനം" എന്ന് വിശേഷിപ്പിക്കുന്നു. ഹൃദയം കീറിമുറിച്ച വാൾമുന തുമ്പിലും പ്രത്യാശയുടെ പിടിവള്ളി കണ്ടെത്തിയവളാണ് മറിയം. തീരാരോഗങ്ങൾ, കുടുംബ പ്രശ്നങ്ങൾ, മാനസികവിഷാദം, സാമൂഹികമായ ഒറ്റപ്പെടൽ, ആത്മീയ ശൂന്യത തുടങ്ങിയ ആധുനിക മനുഷ്യജീവിതത്തിന്റെ സാഹചര്യങ്ങളിൽ മറിയത്തിന്റെ ഈ തീർത്ഥാടനം അതിജീവനത്തിന്റെ വലിയ പാഠമാണ് നമുക്ക് നൽകുന്നത്.



## പ്രത്യാശയുടെ ജീവിത ശൈലി


"മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചു കൊണ്ടിരുന്നു" (ലൂക്കാ 2:19) എന്ന വചനം പരിശുദ്ധ മറിയത്തിന്റെ ആത്മീയ ആഴവും പ്രത്യാശയുടെ ജീവിതശൈലിയും വെളിപ്പെടുത്തുന്നു. ഈ ജീവിത ശൈലി, മറിയം സ്വന്തമാക്കിയത് ദൈവസന്നിധിയിൽ ധ്യാനിച്ചും വിവേചിച്ചും ദൈവഹിതം സ്വീകരിച്ചുമാണ്. കാനായിലെ കല്യാണവീട്ടിൽ അപമാനത്തിന്റെ വക്കിലെത്തിയ കുടുംബത്തെ ക്രിസ്തുവിലേക്കു നയിച്ച മറിയം, മനുഷ്യന്റെ പരിമിതികളിൽ പോലും പ്രത്യാശയുടെ വഴി തുറക്കുന്നു. ഇന്നത്തെ ഡിജിറ്റൽ ലോകത്തിലെ ശബ്ദകോലാഹലങ്ങളും സാമൂഹികമാധ്യമങ്ങളിലെ താരതമ്യങ്ങളും മാനഹാനികളും ഭീഷണികളും മനുഷ്യനെ ആന്തരികമായി തകർക്കുമ്പോൾ, പ്രത്യാശയെ "ഹൃദയത്തിൽ സംഗ്രഹിക്കുന്ന" മറിയത്തിന്റെ ശൈലി മനുഷ്യനെ ആത്മസംയമനത്തിലേക്കും ആത്മവിശ്വാസത്തിലേക്കും നയിക്കുന്നു. അമിതവൈകാരികത മനുഷ്യനെ ആക്രമണത്തിലേക്കും കൊലപാതകങ്ങളിലേക്കും കൊണ്ടെത്തിക്കുന്നു. മറിയത്തിന്റെ ജീവിത ശൈലി, നിശ്ശബ്ദതയുടെയും പ്രാർത്ഥനയുടെയും ദൈവവിശ്വാസത്തിന്റെയും വഴിയാണ്. യഥാർത്ഥ പ്രത്യാശ ദൈവവുമായി ബന്ധപ്പെട്ടു ജീവിക്കുന്നതിലാണെന്ന് തിരുസ്സഭ അസന്നിദ്ധമായി പഠിപ്പിക്കുന്നു. ആത്മഹത്യയിലേക്കും വിഷാദരോഗങ്ങളിലേക്കും വഴുതിവീഴുന്ന ഇന്നത്തെ തലമുറയ്ക്ക് മറിയത്തിന്റെ ധ്യാനാത്മകവും ദൈവകേന്ദ്രീകൃതവുമായ ഈ ജീവിതശൈലി ഉയിർത്തെഴുന്നേൽപ്പിലേക്കുള്ള വഴിയാണ്; കാരണം മറിയം പഠിപ്പിക്കുന്നത്, പ്രത്യാശ എന്നത് ചുറ്റുമുള്ള ലോകത്തിന്റെ പ്രശംസകളിലോ, അംഗീകാരങ്ങളിലോ അല്ല, ദൈവം നൽകുന്ന സ്നേഹത്തിൽ ഉറച്ചുനിൽക്കുന്ന ഹൃദയത്തിലാണെന്നാണ്.




## മറിയം സൃഷ്ടിയുടെ രാജ്ഞി


പരിശുദ്ധ അമ്മയുടെ വണക്കമാസം, ലോകം വസന്തത്തെ ആനന്ദത്തോടെ എതിരേൽക്കുന്ന സമയം കൂടിയാണ്. ഭൂമി പൊതുഭവനമായി കരുതി പരിസ്ഥിതിയെ സംരക്ഷിക്കാൻ ആഹ്വാനം ചെയ്ത ഫ്രാൻസിസ് മാർപാപ്പ 'അങ്ങേയ്ക്ക് സ്തുതി' എന്ന തന്റെ ചാക്രിക ലേഖനത്തിൽ പറയുന്നു: "ഉണ്ണിയേശുവിനെ പരിപാലിച്ച അമ്മ, ഇന്ന് മുറിവേറ്റ ഈ ലോകത്തെ മാതൃസഹജമായ സ്നേഹത്തോടും വേദനയോടും കൂടെ പരിപാലിക്കുന്നു." കാലാവസ്ഥ വ്യതിയാനങ്ങൾ മൂലം വെള്ളപ്പൊക്കവും കൊടുംകാറ്റും തുടങ്ങി മനുഷ്യജീവിതത്തിന് ഭീഷണിയായ പ്രകൃതിദുരന്തങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അടിക്കടി ഉണ്ടാകുന്നുണ്ട്. സ്രഷ്ടാവിന്റെ ഉദരത്തിൽ വഹിച്ച മറിയത്തിന്റെ സമ്പൂർണ്ണ സമർപ്പണം, സൃഷ്ടിയോടുള്ള ആർദ്രതയും ആദരവും കൂടിയാണ്. മറിയത്തിന്റെ ഉദരത്തിൽ "വചനം മാംസമായി" (യോഹ 1:14). സ്രഷ്ടാവ് തന്നെ സൃഷ്ടിയുടെ ഭാഗമായി. അതിനാൽ, മറിയം "സൃഷ്ടിയുടെ രാജ്ഞി" ആണ്. അവളിൽ ദൈവവും മനുഷ്യനും സൃഷ്ടിയും ഒന്നിക്കുന്നു. വസന്തത്തിൽ നാം കാണുന്ന പൂവിടൽ, മറിയത്തിലൂടെ ലോകത്തിന് ലഭിച്ച കൃപയുടെ പൂവിടലിന്റെ അടയാളമാണ്. അതുകൊണ്ട് തന്നെ മറിയം നമ്മെ ക്ഷണിക്കുന്നത്, പ്രത്യാശയുടെയും പ്രതീക്ഷയുടെയും അടയാളമായ ഭൂമിയിലെ ഓരോ ജീവന്റെ കണികയെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിലേക്കാണ്. ഓരോ ജൈവീക വസ്തുക്കളിലും ഉള്ള ദൈവീക നിയോഗത്തെ

തിരിച്ചറിയാനുള്ള പ്രത്യാശ നിറഞ്ഞ മറിയത്തിന്റെ കണ്ണുകളിലൂടെ ഈ പ്രകൃതിയെ നമുക്ക് ശ്രദ്ധാപൂർവ്വം വീക്ഷിക്കാം.




**മറിയം**
**പ്രത്യാശയുടെ പ്രകാശം**

പരിശുദ്ധ മറിയത്തിന്റെ സ്തോത്ര ഗീതം പ്രത്യാശയുടെ ഗീതമാണ്. ദൈവത്തെ മഹത്വപ്പെടുത്തുകയും ദൈവത്തിൽ ആനന്ദിക്കുകയും ചെയ്യുന്ന ഹൃദയം തന്നെയാണ് പ്രത്യാശയുടെ ഉറവിടം. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പറയുന്നു, ' മറിയത്തിന്റെ ചിന്തകൾ ദൈവത്തിന്റെ ചിന്തകളായിരുന്നു, അവളുടെ വാക്കുകൾ ദൈവത്തിന്റേതായിരുന്നു'. ദൈവവചനത്തിൽ നങ്കൂരമിട്ട മറിയത്തിന്റെ ജീവിത നൗക മനുഷ്യജീവിതത്തെ പ്രത്യാശയായ ക്രിസ്തുവിലേക്ക് നിരന്തരം നയിക്കുന്നതാണ്. ' അവൻ പറയുന്നത് ചെയ്യുവിൻ' എന്ന കാനായിലെ മറിയത്തിന്റെ ആഹ്വാനം, പ്രത്യാശയുടെ ഈ സ്തോത്രഗീതത്തിന്റെ ചുരുക്കെഴുത്ത് തന്നെയാണ്. ആശ നഷ്ട്ടപ്പെട്ടവർക്കും, മാറ്റി നിർത്തപ്പെട്ടവർക്കും നീതിയുടെയും ഔന്നത്യത്തിന്റെയും പുതിയ വെളിച്ചം പകരുന്ന സ്തോത്രഗീതത്തിൽ പ്രത്യാശയെ പങ്കിട്ടെടുത്ത് അനുഭവിച്ച ദൈവദാസിയുടെ വിശാലമായ മനസ്സാണ് നമുക്ക് കാണാൻ കഴിയുന്നത്. താഴ്മയുള്ളവരെ ഉയർത്തുന്ന ദൈവീക നീതി ഉറക്കെ പ്രഖ്യാപിക്കുന്ന മറിയത്തിന്റെ ഗീതം, നിരന്തരം മുഴങ്ങുന്ന പ്രത്യാശയുടെ ധ്വനികളാണ്. ഭാവിയിലേക്കുള്ള പ്രത്യാശയുടെ പ്രകാശമായും മറിയം നമ്മെ നയിക്കുന്നു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ, തന്റെ *പ്രത്യാശയിൽ രക്ഷ എന്ന ചാക്രികലേഖനത്തിൽ "പ്രത്യാശയുടെ നക്ഷത്രം" എന്ന് പരിശുദ്ധ അമ്മയെ വിശേഷിപ്പിക്കുന്നു. മനുഷ്യ ജീവിതം പലപ്പോഴും ഇരുട്ടും കൊടുങ്കാറ്റും നിറഞ്ഞ സമുദ്രത്തിലൂടെയുള്ള യാത്രയാണ്. ഈ യാത്രയിൽ ദിശ കാണിക്കുന്ന നക്ഷത്രങ്ങളെപ്പോലെ, ജീവിതത്തിൽ പ്രത്യാശ നൽകുന്ന അനേകം വ്യക്തികൾ നമ്മുടെ ജീവിതത്തിൽ ഉണ്ട്. എന്നാൽ അവരിൽ ഏറ്റവും പ്രകാശമുള്ള നക്ഷത്രം മറിയമാണെന്ന് പാപ്പാ ഓർമിപ്പിക്കുന്നു. പരിശുദ്ധ മറിയം ജീവിതയാത്രയിൽ സുരക്ഷിതമായ ദിശ കാണിക്കുന്ന മാർഗ്ഗദീപമാണ്. പ്രതിസന്ധികളിലും പരീക്ഷണങ്ങളിലുമാണ് അവളുടെ മദ്ധ്യസ്ഥത ഏറ്റവും ശക്തമായി അനുഭവപ്പെടുന്നത്; അവൾ നമ്മെ ദൈവ




ത്തിൽ വീണ്ടും വിശ്വാസം സ്ഥാപിക്കാൻ സഹായിക്കുന്നു. അതിനാൽ മറിയം ദുഃഖത്തിലും പരീക്ഷണങ്ങളിലും ആശ്വാസവും ധൈര്യവും നൽകുന്ന പ്രത്യാശയുടെ മാതാവായി വിശ്വാസികളുടെ ജീവിതത്തിൽ നിലകൊള്ളുന്നു. **ദരിദ്രരോടുള്ള പ്രത്യേക മമത സഭയുടെ പാരമ്പര്യത്തിന്റെ അവിഭാജ്യ ഘടകമാണ്.** ലിയോ പതിനാലാമൻ പാപ്പായുടെ **'ദിലക്സി തേ' (DILEXI TE)** എന്ന അപ്പസ്തോലിക പ്രബോധനത്തിലെ 108 മുതൽ 115 വരെയുള്ള ഖണ്ഡികകളെ ആസ്പദമാക്കിയ ചിന്തകൾ. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ദരിദ്രരോടുള്ള മനോഭാവം എന്നത് വിശ്വാസത്തിന്റെ അന്തസ്സത്തയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു പാപ്പാ പഠിപ്പിക്കുന്നു. ലിയോ പതിനാലാമൻ പാപ്പായുടെ ആദ്യ അപ്പസ്തോലിക പ്രബോധനമായ 'ദിലെക്സി തെ' യിൽ നിന്നുള്ള ഈ ഭാഗങ്ങൾ ആധുനിക സഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെക്കുറിച്ചും ദരിദ്രരോടുള്ള സഭയുടെ മനോഭാവത്തെക്കുറിച്ചും ആഴത്തിലുള്ള ഉൾക്കാഴ്ചകൾ നൽകുന്നു. സഭയുടെ ചരിത്രപരമായ പാരമ്പര്യത്തെയും സുവിശേഷാധിഷ്ഠിതമായ ദൗത്യത്തെയും കോർത്തിണക്കിക്കൊണ്ടുള്ള സമഗ്രമായ ഒരു വിശകലനമാണ് പാപ്പാ ആധുനിക സമൂഹത്തിൽ നമ്മുടെ മനസാക്ഷിക്ക് മുൻപിൽ വയ്ക്കുന്നത്.

**നമ്മുടെ അരികിലുണ്ട് 'ലാസർ' മാർ**

റോമൻ സാമ്രാജ്യം തകർച്ചയുടെ വക്കിലെത്തി നിൽക്കുകയും ബാർബേറിയൻ വംശജരുടെ ആക്രമണത്താൽ ക്ലേശിക്കുകയും ചെയ്തിരുന്ന അങ്ങേയറ്റം ദുഷ്കരമായ ഒരു കാലഘട്ടത്തിൽ വിശുദ്ധ ഗ്രിഗോറിയോസ് പാപ്പാ തന്റെ വിശ്വാസികൾക്ക് നൽകിയ താക്കീതോടെയാണ് പ്രബോധനത്തിന്റെ ഈ ഖണ്ഡികകൾ ആരംഭിക്കുന്നത്. ദരിദ്രനായ ലാസറിനെ നാം അന്വേഷിച്ചു പോകേണ്ടതില്ലെന്നും നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഓരോ വഴിത്തിരിവിലും അവൻ നമ്മെ കാത്തുനിൽക്കുന്നുണ്ടെന്നും വിശുദ്ധൻ ഓർമ്മിപ്പിച്ചു. ദരിദ്രർ നമ്മുടെ മുന്നിൽ തങ്ങളുടെ ആവശ്യങ്ങളുമായി വരുന്നത് ഒരു ശല്യമായല്ല, മറിച്ച് ദൈവാനുഗ്രഹം പ്രാപിക്കാനുള്ള ഒരു അവസരമായാണ് കാണേണ്ടത്. ഒരു കാലത്ത് നമുക്ക് വേണ്ടി ദൈവസമക്ഷം മധ്യസ്ഥത വഹിക്കാൻ കഴിയുന്നവരാണ് അവരെന്ന തിരിച്ചറിവ് നാം വളർത്തിയെടുക്കണം.

**ദരിദ്രർ നിശ്ശബ്ദരായ ഗുരുക്കന്മാർ**

ദരിദ്രർ തങ്ങളുടെ ദാരിദ്ര്യത്തിന് തങ്ങൾ തന്നെ ഉത്തരവാദികളാണെന്ന പൊതുസമൂഹത്തിന്റെ മുൻവിധികളെ ഗ്രിഗോറിയോസ് പാപ്പാ ശക്തമായി വെല്ലുവിളിച്ചു. ദരിദ്രർ ചെയ്യുന്ന ചെറിയ തെറ്റുകളെ പോലും അവരുടെ കഠിനമായ ജീവിത സാഹചര്യങ്ങൾ ശുദ്ധീകരിക്കുന്നുണ്ടെന്നും അതിനാൽ അവരെ പുച്ഛത്തോടെ കാണരുതെന്നും അദ്ദേഹം പഠിപ്പിച്ചു. സുഖലോലുപത മനുഷ്യനെ അന്ധനാക്കുന്നുവെന്നും മറ്റുള്ളവരുടെ സഹായമില്ലാതെ തന്നെ തനിക്ക് സന്തോഷമായി ജീവിക്കാൻ കഴിയുമെന്ന അഹങ്കാരം ഇത് സൃഷ്ടിക്കുന്നുവെന്നും പാപ്പായുടെ ഈ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നുവെന്നു ലിയോ പതിനാലാമൻ പാപ്പാ ചൂണ്ടി



ക്കാണിക്കുന്നു. ഇവിടെ ദരിദ്രർ നമ്മുടെ അഹങ്കാരത്തെയും ഗർവിനെയും ശമിപ്പിക്കുന്ന നിശബ്ദരായ ഗുരുക്കന്മാരായി മാറുന്നുവെന്ന വിപ്ലവാത്മകമായ ഒരു പാഠമാണ് പാപ്പാ നൽകുന്നത്. സാമ്പത്തികമായി കഴിവുള്ളവർ ദരിദ്രരെ സഹായിക്കുന്നു എന്നത് സത്യമാണെങ്കിലും, അതിന്റെ മറ്റൊരു വശം കൂടി ക്രൈസ്തവ പാരമ്പര്യം അടിവരയിടുന്നുണ്ട്. യഥാർത്ഥത്തിൽ ദരിദ്രരാണ് നമ്മെ സുവിശേഷവൽക്കരിക്കുന്നത് എന്ന സത്യം നാം തിരിച്ചറിയണം. അവരുടെ നിശബ്ദമായ അവസ്ഥയിലൂടെ അവർ നമ്മുടെ തന്നെ ബലഹീനതകളെ നമുക്ക് മുന്നിൽ തുറന്നു കാട്ടുന്നു. ഉദാഹരണത്തിന്, ശാരീരികമായി തളർന്ന ഒരു വയോധികൻ നമ്മുടെ തന്നെ ജീവിതത്തിന്റെ നശ്വരതയെയും ബലഹീനതയെയും കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. സമ്പത്തിന്റെയോ ബാഹ്യമായ പ്രകടനങ്ങളുടെയോ മറവിൽ നാം ഒളിപ്പിച്ചു വെച്ചിരിക്കുന്ന നമ്മുടെ തന്നെ തകർച്ചകളെയാണ് അവർ പ്രതിഫലിപ്പിക്കുന്നത്. ജീവിതത്തിലെ പ്രതിസന്ധികളെ നേരിടാൻ നാം ഉപയോഗിക്കുന്ന അഹങ്കാരവും ആക്രമണോത്സുകതയും എത്രമാത്രം നിരർത്ഥകമാണെന്ന് ദരിദ്രരുടെ സാന്നിധ്യം നമ്മെ ബോധ്യപ്പെടുത്തുന്നു. സുരക്ഷിതമെന്ന് നാം കരുതുന്ന നമ്മുടെ ജീവിതം എത്രമാത്രം ദുർബലമാണെന്ന് അവർ വെളിപ്പെടുത്തുന്നു. ധനവാനായ മനുഷ്യൻ നരകത്തിൽ എത്തിയത് അവൻ മറ്റുള്ളവന്റെ എന്തെങ്കിലും മോഷ്ടിച്ചത് കൊണ്ടല്ല, മറിച്ച് തനിക്ക് ലഭിച്ച അനുഗ്രഹങ്ങളിൽ അഹങ്കരിക്കുകയും കഷ്ടപ്പെടുന്ന സഹോദരനോട് കരുണ കാണിക്കാതിരിക്കുകയും ചെയ്തത് കൊണ്ടാണെന്ന് വിശുദ്ധ ഗ്രിഗോറിയോസ് വീണ്ടും ഓർമ്മിപ്പിക്കുന്നു. ദാനമായി ലഭിച്ച സമ്പത്തിൽ ദൈവഭയം സൂക്ഷിക്കാതെയും അനുകമ്പ കാണിക്കാതെയും ജീവിക്കുന്നതാണ് യഥാർത്ഥ പാപം.

**ദരിദ്രരിലേക്ക് തിരിയുക**

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ദരിദ്രരോടുള്ള മനോഭാവം എന്നത് വിശ്വാസത്തിന്റെ അന്തസ്സത്തയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതും പാപ്പാ പഠിപ്പിക്കുന്നുണ്ട്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ പഠിപ്പിച്ചത് പോലെ, ദരിദ്രരോടുള്ള സഭയുടെ പ്രത്യേക മമത (Option for the poor) എന്നത് സഭയുടെ




പാരമ്പര്യത്തിന്റെ അവിഭാജ്യ ഘടകമാണ്. സാങ്കേതികവും സാമ്പത്തികവുമായ പുരോഗതികൾക്കിടയിലും ദാരിദ്ര്യം വലിയ രൂപം പ്രാപിക്കുന്ന ഈ ലോകത്ത് 'ദരിദ്രരിലേക്ക് തിരിയുക' എന്നത് സഭയുടെ ദൗത്യമാണ്. ദരിദ്രർ എന്നത് ഒരു സാമൂഹിക വിഭാഗമല്ല, മറിച്ച് അവർ ക്രിസ്തുവിന്റെ തന്നെ ശരീരമാണ്. ദൈവം മനുഷ്യനായി അവതരിച്ചു എന്ന സത്യം വെറും സിദ്ധാന്തമായി പറയുന്നതിൽ കാര്യമില്ല. മറിച്ച് പട്ടിണിയും ദാഹവും രോഗവും അനുഭവിക്കുന്നവരിലും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവരിലും ക്രിസ്തുവിനെ കാണാൻ നമുക്ക് കഴിയണം. ദരിദ്രർക്കുവേണ്ടിയുള്ള ഒരു ദരിദ്ര സഭയായി മാറുക എന്നത് ക്രിസ്തുവിന്റെ ശരീരത്തിലേക്കുള്ള യാത്രയാണ്. അവിടുത്തെ ദാരിദ്ര്യത്തിന്റെ ആഴം മനസ്സിലാക്കാൻ ക്രിസ്തുവിന്റെ മാംസമായ ദരിദ്രരെ നാം സ്പർശിക്കണം. ഇത് എളുപ്പമുള്ള കാര്യമല്ലെങ്കിലും വിശ്വാസത്തിന്റെ പൂർണ്ണതയ്ക്ക് ഇത് അത്യന്താപേക്ഷിതമാണെന്നും പാപ്പാ ശക്തമായ ഭാഷയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. സഭയുടെ ഹൃദയം സ്വാഭാവികമായും ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും ചേർന്നുനിൽക്കേണ്ടതാണ്. സമൂഹം തള്ളിക്കളയുന്നവരോട് സഭ ഐക്യപ്പെടുന്നു. സഭയുടെ കേന്ദ്രസ്ഥാനത്ത് തന്നെ ദരിദ്രർക്ക് സ്ഥാനമുണ്ട്. ദരിദ്രനായി മാറുകയും ദരിദ്രരോട് എപ്പോഴും ചേർന്നുനിൽക്കുകയും ചെയ്ത ക്രിസ്തുവിലുള്ള വിശ്വാസമാണ് സമൂഹത്തിലെ ഏറ്റവും ഉപേക്ഷിക്കപ്പെട്ടവരുടെ സമഗ്രമായ വികസനത്തിനായി പ്രവർത്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ദരിദ്രരുടെ നിലവിളി കേൾക്കുക എന്നത് ഏതാനും ചിലർക്ക് മാത്രമായി നീക്കിവെച്ചിട്ടുള്ള ദൗത്യമല്ല, മറിച്ച് ഓരോ വിശ്വാസിയുടെയും ഉള്ളിൽ ദൈവിക കൃപയാൽ രൂപപ്പെടേണ്ട ഒരു അനിവാര്യതയാണ്. എന്നാൽ ചില ക്രൈസ്തവ പ്രസ്ഥാനങ്ങളും കൂട്ടായ്മകളും പൊതുനന്മയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നിന്നും ദരിദ്രരുടെ സംരക്ഷണത്തിൽ നിന്നും വിട്ടുനിൽക്കുന്നത് കാണാം. മതം എന്നത് ഒരു സ്വകാര്യ യാഥാർഥ്യം അല്ലെന്നും, മറിച്ച് വിശ്വാസികൾക്ക് സമൂഹത്തിലെ പ്രശ്നങ്ങളിലും സഹോദരങ്ങളുടെ പ്രയാസങ്ങളിലും വലിയ പങ്കുണ്ടെന്നു നാം തിരിച്ചറിയണമെന്നും പാപ്പാ ആഹ്വാനം ചെയ്യുന്നു.

**മുങ്ങിപ്പോകരുതേ, ആത്മീയ ലൗകീകതയിൽ**

തങ്ങൾ സുരക്ഷിതരാണെന്ന് കരുതുന്ന ഏതൊരു ക്രൈസ്തവ സമൂഹവും, ദരിദ്രരുടെ അന്തസ്സിനും അവരുടെ ഉൾപ്പെടുത്തലിനും (Inclusion) വേണ്ടി ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ലെങ്കിൽ ആ സമൂഹം തകർച്ചയുടെ വക്കിലാണെന്ന് പ്രബോധനം മുന്നറിയിപ്പ് നൽകുന്നു. സാമൂഹിക വിഷയങ്ങളെക്കുറിച്ച് പ്രസംഗിക്കുന്നത് കൊണ്ടോ സർക്കാരുകളെ വിമർശിക്കുന്നത് കൊണ്ടോ മാത്രം ഒരു സഭ ജീവസ്സുറ്റതാകില്ല. ദരിദ്രരെ അവഗണിക്കുന്ന സമൂഹങ്ങൾ ആത്മീയ ലൗകികതയിൽ മുങ്ങിപ്പോകും. ഫലശൂന്യമായ മതപരമായ ചടങ്ങുകളും അർത്ഥശൂന്യമായ പ്രസംഗങ്ങളും ഒത്തുചേരലുകളും കൊണ്ട് ഈ ശൂന്യത മറച്ചുപിടിക്കാൻ അവർ ശ്രമിച്ചേക്കാം. എന്നാൽ ദരിദ്രർക്കുവേണ്ടിയുള്ള പ്രായോഗികമായ പ്രവർത്തനങ്ങളുടെ അഭാവം സഭയുടെ അന്തസ്സത്തയെ തന്നെ ഇല്ലാതാക്ക






ന്നുവെന്നു ശക്തമായി പാപ്പാ മുന്നറിയിപ്പ് നൽകുന്നു. നീതിക്ക് വേണ്ടിയുള്ള പോരാട്ടവും ഭൗതികമായ സഹായങ്ങളും മാത്രം പോരാ, ദരിദ്രർ നേരിടുന്ന ഏറ്റവും വലിയ വിവേചനം അവർക്ക് ആത്മീയമായ പരിഗണന ലഭിക്കുന്നില്ല എന്നതും കൂടിയാണ്. ദരിദ്രരോടുള്ള മമത എന്നത് പ്രാഥമികമായി അവർക്ക് നൽകേണ്ട ആത്മീയവും മതപരവുമായ മുൻഗണനയാണ്. എന്നാൽ പലപ്പോഴും നമ്മുടെ മുൻവിധികൾ ഇതിന് തടസ്സമാകാറുണ്ട്. ദരിദ്രരില്ലാത്ത ഒരു സുരക്ഷിത വലയത്തിൽ ജീവിക്കാനാണ് പലരും ആഗ്രഹിക്കുന്നത്. നമ്മുടെ ദൗത്യം പ്രാർത്ഥിക്കുന്നതും ശരിയായ ഉപദേശങ്ങൾ നൽകുന്നതുമാണെന്നും സാമൂഹികമായ കാര്യങ്ങൾ സർക്കാരുകൾ നോക്കിക്കൊള്ളുമെന്നും വാദിക്കുന്നവർ സുവിശേഷത്തിന്റെ അന്തസ്സത്തയെ മറക്കുന്നു. കമ്പോളത്തിന്റെ സ്വാതന്ത്ര്യം ദാരിദ്ര്യത്തിന് തനിയെ പരിഹാരം കാണുമെന്ന് ചിന്തിക്കുന്നതും പ്രഭുക്കന്മാർക്കും അധികാരമുള്ളവർക്കും വേണ്ടി മാത്രം പ്രവർത്തിക്കുന്ന ഇടയത്വ ശുശ്രൂഷകൾ സ്വീകരിക്കുന്നതും വലിയ തെറ്റാണ്. സമ്പന്നരെയും ശക്തരെയും പരിഗണിച്ചാൽ അതിലൂടെ കാര്യക്ഷമമായ പരിഹാരങ്ങൾ കണ്ടെത്താമെന്ന വാദം ലൗകികമായ ചിന്താഗതിയിൽ നിന്ന് ഉദിക്കുന്നതാണ്. ഇത് ഉപരിപ്ലവമായ മാനദണ്ഡങ്ങൾ വെച്ച് യാഥാർത്ഥ്യത്തെ കാണുന്ന രീതിയാണ്. അമാനുഷികമായ ദൈവിക പ്രകാശത്തിന്റെ അഭാവമാണ് ഇത്തരം ചിന്താഗതികളിൽ തെളിയുന്നത്. സ്വന്തം സൗകര്യങ്ങൾ മാത്രം നോക്കി ജീവിക്കുന്ന ഈ ശൈലി ക്രിസ്തുവിന്റെ സുവിശേഷത്തിന് വിരുദ്ധമാണെന്നതും പാപ്പാ അടിവരയിട്ടു പറയുന്നു.

**ദരിദ്രർ നമ്മെ വിശുദ്ധീകരിക്കുന്നു**

അതിനാൽ ഈ പ്രബോധനം വിരൽ ചൂണ്ടുന്നത് സഭയുടെ അടിസ്ഥാന പ്രേഷിത ദൗത്യത്തിലേക്കാണ്. ദരിദ്രർ വെറും സഹായം സ്വീകരിക്കുന്നവരല്ല, മറിച്ച് നമ്മെ വിശുദ്ധീകരിക്കുന്നവരും നമുക്ക് വഴി കാട്ടുന്നവരുമാണ്. ക്രിസ്തുവിനെ സ്നേഹിക്കുന്നു എന്ന് പറയുന്നവർ അവിടുത്തെ മാംസമായ ദരിദ്രരെ സ്നേഹിക്കാൻ കടപ്പെട്ടവരാണ്. ആത്മീയതയും സാമൂഹിക പ്രതിബദ്ധതയും വേർപിരിക്കാനാവാത്തതാണെന്നും ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാത്ത വിശ്വാസം നിർജീവമാണെന്നും പാപ്പാ തന്റെ വാക്കുകളിലൂടെ വ്യക്തമാക്കുന്നു. ലൗകികമായ സുരക്ഷിതത്വങ്ങളിൽ നിന്ന് പുറത്തുകടന്ന് ദരിദ്രരുടെ വേദനകളിൽ പങ്കുചേരുമ്പോൾ മാത്രമാണ് സഭ അതിന്റെ യഥാർത്ഥ സ്വത്വം കണ്ടെത്തുന്നത്. അഹങ്കാരവും മുൻവിധികളും വെടിഞ്ഞ് ദരിദ്രരെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിലേക്ക് സ്വീകരിക്കാൻ ഈ പ്രബോധനം ഓരോ വിശ്വാസിയെയും ആഹ്വാനം ചെയ്യുന്നു. ദരിദ്രരുടെ നിലവിളി കേൾക്കാത്ത ഒരു സഭയ്ക്ക് ക്രിസ്തുവിന്റെ ശബ്ദം തിരിച്ചറിയാൻ കഴിയില്ലെന്ന വലിയ സത്യമാണ് ഇവിടെ പ്രഖ്യാപിക്കപ്പെടുന്നത്. ❍



# പരിശുദ്ധാത്മാവ് ഹൃദയത്തിന്റെ വാതിൽ തുറക്കണം: പാപ്പ



**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**

പന്തക്കുസ്ത ദിനത്തിൽ നവജാതമായ സഭയിൽ സമൃദ്ധമായി ചൊരിയപ്പെട്ട പരിശുദ്ധാത്മാവിന്റെ ദാനത്തെ കുറിച്ച് ധ്യാനിക്കാനും ജീവിതത്തിൽ സ്വീകരിക്കാനും വിളിക്കപ്പെട്ടവനാണ് ഓരോ സഭാംഗവും എന്ന് പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ പഠിപ്പിച്ചു.2026 മെയ് 24ന് നടത്തിയ ജപമാല പ്രാർത്ഥനയിലാണ് ലിയോ പാപ്പ പരിശുദ്ധാത്മ ശക്തിയെ കുറിച്ചുള്ള തന്റെ പ്രബോധനം നൽകിയത്. സഭാമക്കൾക്ക് ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും ഇന്ന് അവരെ അനുഗമിക്കുന്ന പുതിയ വെളിച്ചവും, ശക്തിയും പരിശുദ്ധാത്മാവ് നൽകുന്നു. പരിശുദ്ധ ആത്മാവിന്റെ പ്രതിച്ഛായയെ കുറിച്ച് വിചിന്തനം നടത്തുന്ന ലിയോ പാപ്പ നമ്മുടെ വാതിലുകൾ മലർക്കെ തുറക്കാനത്രയും ശക്തിദായകമാണ് പരി.ആത്മാവ് എന്ന് പഠിപ്പിക്കുന്നു (യോഹ:20:19). ആത്മാവ് കൊടുങ്കാറ്റുപോലെ കടന്നു വന്നു എന്നാണ് അപ്പസ്തോ പ്രവർത്തനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത് (അപ്പ.പ്രവ :2:2). ലിയോ പാപ്പ പറയുന്നത് ഭയത്താൽ അടയ്ക്കപ്പെട്ട മുറിയുടെ വാതിലുകൾ ആത്മാവ് തുറക്കുമെന്നും സുവിശേഷം പ്രഘോഷിക്കാൻ ശിഷ്യരെ പ്രചോദിപ്പിക്കുകയും ശക്തരാക്കുകയും ചെയ്യുമെന്നുമാണ്.

ലിയോ പാപ്പ നമ്മോട് ചോദിക്കുന്ന പ്രധാന കാര്യം പരിശുദ്ധാത്മാവ് ഏതെല്ലാം വാതിലുകളാണ് തുറക്കുന്നതെന്നാണ്. ഒന്നാമതായി യേശുക്രിസ്തുവിൽ സ്വയം വെളിപ്പെടുത്തിയതുപോലെ ദൈവത്തിന്റെ രഹസ്യത്തിലേക്ക ഉള്ള പ്രവേശനം സാധ്യമാക്കുന്നു എന്ന അർത്ഥത്തിൽ ഒന്നാമത്തെ വാതിൽ ദൈവത്തിന്റേതാണ് എന്നാണ് പാപ്പ പഠിപ്പിക്കുന്നത്. ഇത് വിശ്വാസത്തിന്റെ വാതിലാണ് എന്ന് നമ്മോട് ഉദ്ബോധിപ്പിക്കുന്ന പാപ്പ പറയുന്നത് ആത്മാവിന്റെ ദാനത്താൽ ദൈവം നമുക്ക് യഥാർത്ഥ വിശ്വാസം നൽകുന്നു. ഇത് തിരുവെഴുത്തുകളുടെ അർത്ഥം മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. പാപ്പ പറയുന്നത് ഇതു വഴി നമ്മുടെ സാമൂഹ്യ ജീവിതത്തിലെ പരസ്പരമുള്ള ബന്ധത്തിന്റെ വാതിലുകൾ തുറന്ന് നല്ല അയൽക്കാരായി മാറാൻ ആത്മാവ് സഹായിക്കുന്നു എന്നാണ്. ദൈവാനുഭവം എന്നത് കൽപന അനുസരിക്കുന്നതു മാത്രമല്ല ഈശോയിൽ അപരനെ കണ്ടുമുട്ടുവാനും തിരിച്ചറിയാനും ദൈനംദിന ജീവിതത്തിൽ അപരന്റെ സാന്നിധ്യം അംഗീകരിക്കാനും ഒരാളെ ശക്തമാക്കുന്നതുമാണ്. ഈ വാതിലിന്റെ തുറവി പരിശുദ്ധാത്മാവ് കരഗതമാക്കുന്നു എന്നാണ് പാപ്പ ഉൽബോധിപ്പിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തുറക്കപ്പെടുന്ന രണ്ടാമത്തെ വാതിൽ സെഹിയോൻ ഊട്ടുശാലയിലേതാണ്. ആത്മാവിന്റെ അഗ്നിനാളം ഇല്ലാത്തതു കൊണ്ട് ആദിമസഭ, അതായത് ഈശോയുടെ പ്രിയ ശിഷ്യർ, ഭയത്തിന്റെ തടവുകാരായി കഴിയുകയായിരുന്നു. ഇന്നും ഇതേ അവസ്ഥയാണ് നമ്മൾ നേരിടുന്നത്. ലോകത്തിന്റെ വെല്ലുവിളികളെ ഭയപ്പെട്ട് സ്വയം വാതിലടച്ച് ഭയചകിതരായി നാം കഴിയുന്നു. മാറ്റത്തിന് വിധേയമാക്കുന്ന കാലവുമായി സംഭാഷണത്തിലേർപ്പെടാൻ പറ്റാതെ സ്വയം അന്തർമുഖരായി നാം വാതിലടച്ചു കഴിയുന്നു. ദൈവത്തോടും മറ്റുള്ളവരോടും മാത്രമല്ല ജീവിതത്തിന്റെ ഭാവി പ്രത്യാശയിലേക്കും ജീവിതത്തിന്റെ സന്തോഷത്തിലേക്കും എല്ലാവരേയും സ്വാഗതം ചെയ്യുന്നതിനും അവർക്ക് ആതിഥ്യം അരുളുന്നതിനുമാണ് പരിശുദ്ധാത്മാവ് സഭയുടെ, നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ തുറക്കുവാൻ നമ്മെ സഹായിക്കുന്നത്.

ലിയോ പാപ്പ തന്റെ മുൻഗാമി ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ ഏവരേയും അനുഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സഭയാകുവാനും എല്ലാവർക്കും വാതിലുകൾ തുറന്നിട്ടുള്ള ഒരു സഭയാകുവാനുമാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് തറപ്പിച്ചു പറയുന്നു. ലിയോ പാപ്പ തുടർന്ന് പറയുന്നത് നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ തുറക്കാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. സ്ഥായിയായി നിലനിൽക്കുവാനും, സ്വാർത്ഥത, അവിശ്വാസം, മുൻവിധി തുടങ്ങിയവ മറികടക്കാൻ നമ്മെ സഹായിക്കുകയും, ദൈവത്തിന്റെ മക്കളായും പരസ്പരം സഹോദരീ സഹോദരന്മാരായും ജീവിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. കർത്താവിന്റെ ആത്മാവ് ഉള്ളയിടങ്ങളിൽ അദ്ഭുതകരമായ ഐക്യം നിലനിൽക്കുന്നു. ആളുകൾക്കിടയിൽ, സമൂഹത്തിൽ, ഭൂമിയിൽ ഉള്ള എല്ലാവർക്കുമിടയിൽ, സ്നേഹത്തിന്റെ ഒരേ ഭാഷ സംസാരിക്കുന്നവർക്കിടയിൽ സാഹോദര്യം ജന്മമെടുക്കുകയും വൈവിധ്യത്തെ അത് സമന്വയിപ്പിച്ച് ഒന്നിപ്പിക്കുകയും ചെയ്യുന്നു. പാപ്പ പറയുന്നു ഈ കാലത്തും അടഞ്ഞിരിക്കുന്ന എല്ലാ വാതിലുകളും തുറക്കാൻ പരിശുദ്ധാത്മാവിനോട് നാം പ്രാർത്ഥിക്കണം. നമ്മെ സ്നേഹിക്കുന്ന പിതാവായി ദൈവത്തെ വീണ്ടും കണ്ടെത്തുവാനും എല്ലാവർക്കും കുടുംബാന്തരീക്ഷം അനുഭവിക്കുന്ന ഒരു സഭ കെട്ടിപ്പടുക്കുവാനും എല്ലാ ജനതകൾക്കുമിടയിൽ സമാധാനം വാഴുന്ന ഒരു സാഹോദര്യ ലോകം വളർത്തിയെടുക്കാനും നമുക്ക് സാധിക്കണം. ആദ്യ ശിഷ്യർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നതിനായി ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ച പരിശുദ്ധ അമ്മയെ മാതൃകയാക്കി നമുക്ക് മുന്നേറാം. ❍




# സ്നേഹവും കുടുംബവും

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പ്രബോധനപരമ്പര.***

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 33**



259. യുവജനത സ്നേഹത്തിന്റെ വിളി തീവ്രമായി അറിയുന്നു. അവർ കുടുംബം രൂപീകരിക്കാൻ അനുയോജ്യമായ വ്യക്തിയെ കണ്ടെത്തുന്നതും ഒരുമിച്ച് ജീവിതം കെട്ടിപ്പടുക്കുന്നതും സ്വപ്നം കാണുന്നു. ഇത് നിസംശയമായും അവരുടെ വികാരങ്ങളിലൂടെ, സപ്നാഭിലാഷങ്ങളിലൂടെ ദൈവം അവരിൽ തെളിയിക്കുന്ന ദൈവവിളിയാണ്. അപ്പസ്തോലിക ഉദ്ബോധനമായ "സ്നേഹത്തിന്റെ ആനന്ദത്തിൽ" ഞാനിക്കാര്യം കൂടുതൽ വിവരിച്ചിരുന്നു. പ്രത്യേകിച്ചും അതിലെ നാലും അഞ്ചും അധ്യായങ്ങൾ വായിക്കാൻ എല്ലാ യുവജനങ്ങളേയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. 260. ഞാൻ ഇങ്ങനെ ചിന്തിക്കാൻ ആഗ്രഹിക്കുന്നു; "വിവാഹത്തിലേർപ്പെടുന്ന രണ്ട് ക്രിസ്ത്യാനികൾ സ്വന്തം പ്രണയ കഥയിലൂടെ ദൈവവിളി തിരിച്ചറിയുകയാണ്; ആണും പെണ്ണും എന്ന രണ്ടിൽ നിന്ന് ഒരു ജീവനും മാംസവുമാകുന്ന ഒന്നിലേക്കുള്ള ദൈവവിളി. വിവാഹമെന്ന കൂദാശ ഈ സ്നേഹത്തെ ദൈവകൃപയിൽ പൊതിയുന്നു. അത് ദൈവത്തിൽ തന്നെ വേരൂന്നുന്നു. ഈ ദാനത്തിൽ നിന്നും ഈ വിളിയുടെ നിശ്ചിതത്വത്തിൽ നിന്നും നിങ്ങൾക്ക് സുനിശ്ചിതമായി മുന്നോട്ടു പോകാം. നിങ്ങൾക്കൊന്നും ഭയക്കാനില്ല. നിങ്ങൾക്ക് എന്തും ധൈര്യമായി നേരിടാം; ഒരുമയോടെ! 261.

ദൈവം നമ്മെ ലൈംഗികജീവികളായാണ് സൃഷ്ടിച്ചതെന്ന് ഇവിടെ നമ്മൾ ഓർക്കണം. അവൻ തന്നെയാണ് "ജീവികൾക്കുള്ള മനോഹരമായ ഒരു ദാനമായി ലൈംഗികത സൃഷ്ടിച്ചത്. വിവാഹമെന്ന വിളിയിൽ നാം ഇത് അംഗീകരിക്കുകയും വിലമതിക്കുകയും വേണം. "ലൈംഗികയും ലൈംഗിക അഭിനിവേശവും ദൈവിക ദാനമാണ്. അതൊരു വിലക്കല്ല. അത് ദൈവത്തിന്റെ സമ്മാനമാണ്. ദൈവം നമുക്കു തരുന്ന സമ്മാനം. അതിന് രണ്ട് ഉദ്ദേശ്യമുണ്ട്. സ്നേഹിക്കാൻ, ജീവൻ സൃഷ്ടിക്കാൻ. അത് വികാരമാണ്, വികാരപരമായ സ്നേഹമാണ്. യഥാർഥ സ്നേഹം വികാരപരമാണ്. പുരുഷനും സ്ത്രീയും തമ്മിലുള്ള സ്നേഹം വികാരപരമാകുമ്പോൾ അത് ജീവനിലേക്ക് നയിക്കും,
എപ്പോഴും. ശരീരവും ആത്മാവുമുള്ള ജീവൻ."

262. "യുവജനങ്ങൾക്കുള്ള മുഖ്യവിഷയം കുടുംബമായിരിക്കണമെന്ന്" സിനഡ് നിർദേശിക്കുന്നു. "കുട്ടികൾ മാതാപിതാക്കളുടെ സ്നേഹലാളനകളെ ഇഷ്ടപ്പെടുന്നു. അവർ കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം നൽകുന്നു. അവരുടെ സമയമാകുമ്പോൾ ഒരു കുടുംബമുണ്ടാക്കി വിജയിക്കണമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ബന്ധം വേർപെടൽ, വിവാഹമോചനം, പുനർവിവാഹം, മാതാവോ പിതാവോ മാത്രമുള്ള കുടുംബം എന്നിവയൊക്കെ യുവജനതയ്ക്ക് വലിയ പീഡനമാകുന്നുവെന്നും വ്യക്തിത്വ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നും നിസംശയം പറയാം. ചിലപ്പോൾ പ്രായത്തിനും ഉപരിയായ ഉത്തരവാദിത്തം ഏറ്റെടുക്കാൻ ഇതവരെ നിർബന്ധിതരാക്കുന്നു. പ്രായമെത്തും മുമ്പ് മുതിർന്നവരായി മാറേണ്ടിവരുന്നു. മിക്കപ്പോഴും മുത്തച്ഛനും മുത്തശ്ശിയും ആണ് സ്നേഹത്തിലും ആത്മീയ വിദ്യാഭ്യാസത്തിലും പ്രധാന സഹായികളായി മാറുന്നത്. തങ്ങളുടെ വിജ്ഞാനംകൊണ്ട് തലമുറകൾ തമ്മിലെ ബന്ധത്തിൽ നിർണായക കണ്ണിയായി അവർ മാറുന്നു."

263. ഇത് സത്യമാണ്; സ്വന്തം കുടുംബങ്ങൾ നേരിടുന്ന ജീവിത പ്രയാസങ്ങൾ അനുഭവിക്കുമ്പോൾ വിശ്വസ്തരും വിശാലമനസ്കരും ആകുന്നതിന് പുതിയ ഒരു കുടുംബം രൂപീകരിക്കുന്നത് പ്രയോജനകരമാണോ എന്നു യുവജനങ്ങൾ ചോദിച്ചേക്കാം. ഞാൻ നിങ്ങളോടു പറയുന്നു, തീർച്ചയായും വേണം. നിങ്ങളുടെ എല്ലാ പരിശ്രമവും ഒരു കുടുംബത്തിൽ നിക്ഷേപിക്കുക. അവിടമാണ് പരിപക്വമാകാനും ആനന്ദം അനുഭവിക്കാനും പങ്കുവയ്ക്കാനുമുള്ള മികച്ച ഇടം. നിറഞ്ഞ സ്നേഹം നിങ്ങളിൽ നിന്നും കവർന്നെടുക്കപ്പെടാൻ ഇടയാകരുത്. ഒറ്റയാൾ ജീവിതമാണ് മെച്ചമെന്ന നിർദേശങ്ങളിൽ വഞ്ചിതരാകരുത്. അത് ഒറ്റപ്പെടലിലേക്കും ദുസഹമായ ഏകാന്തതയിലേക്കും നയിക്കും . 264. ഇന്ന് ക്ഷണികമായ സംസ്കാരം ചഞ്ചലപ്പെട്ടിരിക്കുന്നു. എന്നാൽ ഇത് വെറും മായയാണ്. ഒന്നും നിശ്ചിതമല്ലെന്ന ചിന്ത നമ്മെ വഞ്ചിക്കുന്ന കളവാണ്. "വിവാഹം കാലഹരണപ്പെട്ടെന്ന് പറയുന്നവരുണ്ട്... അറിവ് ആപേക്ഷികമാണെന്നും എല്ലാം ക്ഷണികമെന്നും കരുതുന്ന ഒരു സംസ്കാരത്തിൽ, ഒട്ടേറെപ്പേർ വർത്തമാനനിമിഷത്തെ "ആസ്വദിക്കുന്നതിന് പ്രാധാന്യം ഉപദേശിക്കുകയാണ്. ജീവിതം മുഴുവൻ നീളുന്ന പ്രതിജ്ഞാബദ്ധതയിൽ നിശ്ചിതമായ തീരുമാനമൊന്നും വേണ്ടെന്ന് അവർ പറയുന്നു... ഞാൻ ഇതിനു പകരം നിങ്ങളോട് വിപ്ലവകാരികളാകാൻ പറയുന്നു. ഒഴുക്കിനെതിരെ നീന്താൻ. അതെ, ഈ സംസ്കാരത്തിനെതിരെ കലാപമുയർത്താൻ, എല്ലാം താൽക്കാലികമാണെന്നും അന്തിമമായ ഉത്തരവാദിത്തം നിങ്ങൾക്ക് ഏറ്റെടുക്കാനാകില്ലെന്നും സത്യമായ സ്നേഹം അസാധ്യമെന്നും ഉപദേശിക്കുന്ന സംസ്കാരത്തിനെതിരെ." എനിക്ക് നിങ്ങളിൽ പൂർണ വിശ്വാസമുണ്ട്. അതിനാൽ വിവാഹം തെരഞ്ഞെടുക്കാൻ ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു. 265. വിവാഹത്തിന് ഒരുക്കം വേണം. അറിവിൽ സ്വയം വളരേണ്ടതുണ്ട്. ഉന്നതമായ മൂല്യങ്ങൾ, പ്രത്യേകിച്ച് സ്നേഹം,





ക്ഷമ, ചർച്ച ചെയ്യാനുള്ള സ്ഥിതി, പരസ്പര സ്നേഹം തുടങ്ങിയവ വളർത്തിയെടുക്കണം. ലൈംഗികപക്വത ആർജിക്കുന്നതും അതിൽ പെടും. അതുവഴി മറ്റുള്ളവരെ അനുഭവിക്കുന്നത് ഇല്ലാതാക്കുകയും പൂർണമായി ഒരാൾക്ക് നിങ്ങളെത്തന്നെ മഹാമനസ്കതയോടെ സമർപ്പിക്കാനുള്ള കഴിവ് വർധിപ്പിച്ചെടുക്കുകയും വേണം. 266. കൊളംബിയൻ മെത്രാന്മാർ പഠിപ്പിച്ചതുപോലെ, "ക്രിസ്തുവിനറിയാം ദമ്പതികൾ പരിപൂർണരല്ലെന്നും അവർക്ക് ദൗർബല്യങ്ങളേയും സ്ഥിരതയില്ലായ്മയേയും മറികടക്കേണ്ടതുണ്ടെന്നും അതുവഴി അവർക്ക് സ്നേഹത്തിൽ വളരാനും നിലനിൽക്കാനും കഴിയും. അക്കാരണത്താൽ അവൻ ദമ്പതികൾക്ക് കൃപ നൽകുന്നു. ഒരേസമയം പ്രകാശവും ശക്തിയും പ്രദാനം ചെയ്യുന്ന കൃപ. ആദർശപരമായ ദാമ്പത്യജീവിതത്തിൽ ദൈവികപദ്ധതിപ്രകാരം പുരോഗമിക്കാനുള്ള കൃപ." 267. മാമോദീസയിലൂടെ ലഭിച്ച ദൈവവിളിയാണ് പ്രഥമവും പ്രധാനവുമായ ദൈവവിളിയെന്ന് വിവാഹത്തിലേക്കോ അഭിഷിക്ത ജീവിതത്തിലേക്കോ വിളിക്കപ്പെടാത്തവർ ഓർക്കണം. സ്വന്തം തീരുമാനപ്രകാരമല്ലെങ്കിലും ഒറ്റയായി ജീവിക്കുന്നവർക്ക്, സ്വന്തം വ്യക്തിവികാസത്തിലൂടെ ആ ദൈവവിളിക്ക് പ്രത്യേകം സാക്ഷികളാകാൻ കഴിയും. ❍




# വിലങ്ങാടിന്റെ അതിജീവനം യഥാർത്ഥ 'കേരള സ്റ്റോറി'

**ജിൽസൺ ജോസ്**



പ്രകൃതി ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ട വിലങ്ങാടിന് പുതുജീവൻ നൽകി, കേരള കത്തോലിക്കാ സഭയുടെ സഹകരണത്തോടെ താമരശ്ശേരി രൂപത നടപ്പിലാക്കിയ പുനരധിവാസ പദ്ധതിയുടെ ഒന്നാം ഘട്ട സമാപനവും രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മഞ്ഞക്കുന്ന് സെന്റ് അൽഫോൻസ പള്ളിയങ്കണത്തിൽ നടന്നു. വാഗ്ദാനങ്ങൾ നൽകി പിൻവാങ്ങിയവർക്കിടയിൽ മാതൃകയായി സഭ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കൂടെ നിൽക്കുന്ന മെത്രാൻ സമിതിയാണ് കേരളത്തിലുള്ളതെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത കോഴിക്കോട് അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ പറഞ്ഞു. ദുരന്ത സമയത്ത് നിരവധിപേർ വലിയ വാഗ്ദാനങ്ങൾ നൽകിയെങ്കിലും പിന്നീട് അവരെക്കുറിച്ച് വിവരമൊന്നുമുണ്ടായില്ല. എന്നാൽ 100 വീടുകൾ വാഗ്ദാനം ചെയ്ത കത്തോലിക്കാ മെത്രാൻ സമിതി, വിലങ്ങാട്ടിലും വയനാട്ടിലുമായി ഇതുവരെ 160 വീടുകളാണ് നിർമ്മിച്ച് നൽകിയത്. ദൈവിക പ്രേരണയാലാണ് ഇത്രയും ബൃഹത്തായൊരു പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞതെന്നും, ദൈവത്തിന് നന്ദി പറയേണ്ട സമയമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**സങ്കടപ്പെടുന്നവരെ ചേർത്തുപിടിച്ചതാണ് യഥാർത്ഥ 'കേരള സ്റ്റോറി'**

ജാതി, മത, വർണ്ണ വ്യത്യാസങ്ങൾക്കതീതമായി സങ്കടപ്പെടുന്നവരെ ചേർത്തുപിടിച്ച് ദുരന്തത്തെ തോൽപ്പിച്ചതാണ് യഥാർത്ഥ 'കേരള സ്റ്റോറി' എന്ന് അധ്യക്ഷപ്രസംഗത്തിൽ തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി വ്യക്തമാക്കി. കേരളത്തിലെ മുഴുവൻ ആളുകളുടെയും അകമഴിഞ്ഞ സഹകരണം കൊണ്ടാണ് കെസിബിസിക്ക് ഇത്തരമൊരു പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു.




## അടിസ്ഥാന വികസനത്തിന് പുതിയ സർക്കാർ മുൻഗണന നൽകണം

കാലവർഷം നാളുകളിൽ വിലങ്ങാടുകാർ ഭീതിയിലാണെന്ന് ആമുഖ പ്രഭാഷണം നടത്തിയ താമരശ്ശേരി രൂപതാ ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ചൂണ്ടിക്കാട്ടി. ദുരന്തബാധിത പ്രദേശത്ത് വീട് വയ്ക്കരുതെന്ന് വിലക്കുന്ന അധികാരികൾ, ജനങ്ങൾ എവിടെ താമസിക്കണമെന്ന ചോദ്യത്തിന് മുന്നിൽ മൗനം പാലിക്കുകയാണ്. രണ്ടു വർഷം മുൻപ് തകർന്ന റോഡുകൾ ഇന്നും ശോചനീയാവസ്ഥയിൽ തുടരുന്നു. അധികാരത്തിലേറാൻ പോകുന്ന പുതിയ സർക്കാർ വിലങ്ങാടിന്റെ അടിസ്ഥാന വികസനത്തിന് അടിയന്തര പ്രാധാന്യം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വീട് നഷ്ടപ്പെട്ടവർക്ക് 15 ലക്ഷം രൂപ വീതവും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകിയ മുൻ സർക്കാരിന്റെ നടപടിയെ അദ്ദേഹം നന്ദിയോടെ സ്മരിച്ചു.പൂർത്തിയാക്കിയ ഭവനങ്ങളുടെ താക്കോൽദാനം മാർ ജോസഫ് പാംപ്ലാനിയും മാനന്തവാടി രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലവും ചേർന്ന് നിർവഹിച്ചു. രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രത്യേക ടാസ്ക് ഫോഴ്സിന്റെ ഉദ്ഘാടനം മാർ റെമീജിയോസ് ഇഞ്ചനാനിയിലും മേപ്പയ്യൂർ സലഫിയ കോളേജ് അസോസിയേഷൻ പ്രസിഡന്റ് ഡോ. ഹുസൈൻ മടവൂരും ചേർന്ന് നിർവ്വഹിച്ചു.സിഒഡി രൂപതാ ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. താമരശ്ശേരി രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, മാർ അലക്സ് താരാമംഗലം, ഡോ. ഹുസൈൻ മടവൂർ, കെസിബിസി ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ, കെസിബിസി ഡിസാസ്റ്റർ മിറ്റിഗേഷൻ കമ്മിറ്റി അംഗം ഫാ. മൈക്കിൾ വെട്ടിക്കാട്, ദേവഗിരി സെന്റ് ജോസഫ്സ് കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. ബോണി അഗസ്റ്റിൻ സിഎംഐ, വാണിമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രദീപ് മാസ്റ്റർ, കെസിഎംഎസ് പ്രസിഡന്റ് സിസ്റ്റർ ഡോ. ആർദ്ര എസ്ഐസി, അപ്പസ്തോലിക് കാർമൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ജസീന എ.സി, വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, മഞ്ഞക്കുന്ന് ഇടവക വികാരി ഫാ. ബോബി പൂവത്തിങ്കൽ, ജീസസ് യൂത്ത് ആനിമേറ്റർ റെജി ജെ. കരോട്ട്, വാർഡ് മെമ്പർ ഷെബി സെബാസ്റ്റ്യൻ, കെഎസ്എസ്എഫ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ എന്നിവർ പങ്കെടുത്തു. ❍



സി.ലൂസീന പഞ്ഞിക്കാരൻ സി.എം.സി.

# ആ ചിരി ഇനി ഓർമ്മകളിൽ മാത്രം

**അമ്മിണി ഫ്രാൻസിസ്**



പി.ഒ.സി. എന്ന പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ റിസപ്ഷന് തൊണ്ണൂറുകളിൽ പ്രത്യേക മുറിയൊന്നുമുണ്ടായിരുന്നില്ല. ഇടനാഴിയിലെ ചെറിയ ഒരു കൗണ്ടറിലായിരുന്നു റിസപ്ഷനിസ്റ്റിന്റെ സ്ഥാനം വൈദിക ശ്രേഷ്ഠനായ വെരി. റവ. ഡോ. ചാക്കോ നരിമറ്റത്തിന്റെ കാലഘട്ടത്തിലാണ് താലന്ത് മാസികയുടെ തൊട്ടടുത്ത മുറിയിൽ റിസപ്ഷനും പുസ്തക പ്രദർശന സ്റ്റാളും സജ്ജീകരിച്ചത്. ആ പഴയ കാലഘട്ടത്തിൽ സി. ലൂസീന പഞ്ഞിക്കാരൻ സി.എം.സി. മുഖം നിറഞ്ഞ ചിരിയോടെ പി.ഒ.സി. യിലേക്ക് കടന്നു വന്നിരുന്ന സന്ദർശകരെ സ്വീകരിച്ചിരുന്നു. അന്ന് താലന്ത് മാസികയുടെ സർക്കുലേഷൻ മാനേജരായിരുന്നു ലൂസീനാമ്മ. 1992 മുതൽ 1997 വരെ സിസ്റ്റർ ഈ പദവിയിൽ തുടർന്നു. കഴിഞ്ഞ ഏപ്രിൽ 26ന് സി.ലൂസീന ഓർമ്മകളിലെ ചിരി ബാക്കിവച്ച് ദൈവസന്നിധിയിലേക്ക് മടങ്ങി. താലന്ത് മാസികയുടെ പഴയ വരിക്കാർ, ലൂസീനാമ്മ തന്റെ മിഴിവാർന്ന കൈപ്പടയിൽ എഴുതിയയച്ചിരുന്ന വരിസംഖ്യയ്ക്കായുള്ള പോസ്റ്റ് കാർഡ് ഇപ്പോഴും ഓർമ്മിക്കുന്നുണ്ടാകും.

എറണാകുളം – അങ്കമാലി അതിരൂപതയിൽ, അങ്കമാലി സെന്റ് ജോർജ്ജ് ഫൊറോന ഇടവകയിൽ പഞ്ഞിക്കാരൻ കുടുംബത്തിൽ ജോസഫ്-കുഞ്ഞന്നം ദമ്പതികളുടെ 14 മക്കളിൽ 3-ാം മത്തെ മകളായി മേരി 1938 ജനുവരി 10 ന് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസവും TTC പഠനവും പൂർത്തിയാക്കിയ മേരി ടീച്ചർ വൈക്കം എൽപി സ്കൂളിൽ 3 വർഷത്തോളം ജോലി ചെയ്തു. തന്റെ അധ്യാപകവൃത്തി സ്തുത്യർഹമായി ചെയ്തു വരവെ കർമ്മലയിലേക്കുള്ള വിളി സ്വീകരിച്ച് സി.എം.സി. സഭയിൽ ചേർന്നു. 1963 ഏപ്രിൽ 15 ന് ആദ്യവ്രതവും 1967 മെയ് 1ന് നിത്യവ്രതവും അനുഷ്ഠിച്ചു. പാലാരിവട്ടം പി.ഒ.സി. യിൽ മാത്രമല്ല കലൂർ റിന്യൂവൽ സെന്ററിലും സി.എം.സി. യുടെ അങ്കമാലി മേരി മാതാ പ്രൊവിൻസ് അംഗമായിരുന്ന സിസ്റ്റർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രിയപ്പെട്ട ലൂസീനാമ്മയുടെ ആത്മാവിനായി ദൈവതിരുമുമ്പിൽ പ്രാർത്ഥനാ പുഷ്പങ്ങളർപ്പിക്കുന്നു. ❍



വാർത്തയും ചിന്തയും

# അറിയാതെയും കേൾക്കാതെയും പോകുകയാണോ പട്ടിണിയുടെ കൂട്ട നിലവിളികൾ?

**ആന്റണി ചടയംമുറി**

**വാർത്ത**

പട്ടിണിയുടെ കരിമ്പുക നിറയുന്ന ദേശങ്ങളും ഭവനങ്ങളും വർദ്ധിക്കുകയാണ്. ഹോർമൂസ് കടലിടുക്കിൽ നടന്നുവരുന്ന സംഘർഷങ്ങൾ മൂലം ഭക്ഷ്യ ധാന്യങ്ങളുടെ ആഗോളതലത്തിലുള്ള നീക്കം തടസ്സപ്പെടാൻ തുടങ്ങിയിട്ട് മാസങ്ങളായി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റവും, ഗൾഫ് മേഖലയിലും ഇന്ത്യയിൽ തന്നെയും കുത്തനെയുണ്ടായ തൊഴിൽ നഷ്ടങ്ങളും മൂലം ദുരിതത്തിലാകുന്ന ജനങ്ങളുടെ എണ്ണം വർദ്ധിച്ചുകഴിഞ്ഞു. ആഗോളതലത്തിലും ആഭ്യന്തരതലത്തിലും രാഷ്ട്രീയ പോരാട്ടങ്ങളുടെ കുട്ടപ്പൊരിച്ചിലിൽ പെട്ടുപോകുന്നവരിൽ ഏറെയും ഇടത്തരക്കാരും പാവങ്ങളുമാണ്. ഇവർക്ക് ആശ്വാസം നൽകേണ്ട അന്താരാഷ്ട്ര– പ്രാദേശിക കൂട്ടായ്മകൾ പോലും പകച്ചുനിൽക്കുന്നു. ഗൾഫ് പ്രതിസന്ധിയിൽ പെട്ട് ലോകത്ത് 45 ദശലക്ഷം പേർ കൂടി പട്ടിണിക്കാരുടെ പട്ടികയിലെത്തുമെന്ന് വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ വക്താക്കൾ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് ഇന്ത്യയിൽ 24 ശതമാനവും ആഫ്രിക്കയിൽ 21 ശതമാനവും പൂർവ – ദക്ഷിണാഫ്രിക്കയിൽ 17 ശതമാനവും പട്ടിണി വർധിക്കുമെന്നാണ് കണക്ക്. ലോകമെങ്ങും കാർഷിക പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്ന ഈ നാളുകളിൽ, ഹോർമൂസ് കടലിടുക്കിലെ സംഘർഷം രാസവള നീക്കത്തെ ബാധിച്ചത് വരും നാളുകളിലെ ഭക്ഷ്യസുരക്ഷയെയും ബാധിച്ചേക്കും. ഇപ്പോൾ തന്നെ ഇതേ കടലിടുക്കിൽ 70, 000 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളെങ്കിലും തടഞ്ഞിട്ടിരിക്കുന്ന കപ്പലുകളിൽ ഉണ്ടെന്നതും നമ്മെ ഭയപ്പെടുത്തുന്നു. ജർമ്മനി പോലും തങ്ങളുടെ മനുഷ്യത്വപരമായ ക്ഷേമപ്രവർത്തനങ്ങളിൽ 70% കുറവ് വരുത്തിയതും ശുഭവാർത്തയല്ല. യുദ്ധത്തിൽ തകർന്നുവീഴുന്ന കൂറ്റൻ കെട്ടിടങ്ങൾക്കപ്പുറം ഒരിറ്റ് ശുദ്ധജലത്തിനുവേണ്ടിയും ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടിയും ഗ്രാമങ്ങളിൽ വാവിട്ടു കരയുന്ന കുഞ്ഞുങ്ങളെ ഗൗനിക്കാത്തവിധം ലോകജനത നിർവികാരരായി പോകുന്നതെന്തേ?

**ചിന്ത**

ഭക്ഷണം സംബന്ധിച്ച അരക്ഷിതാവസ്ഥ ദീർഘകാലവീക്ഷണത്തോടെ വേണം കൈകാര്യം ചെയ്യാൻ. അതുളവാക്കുന്ന വ്യവസ്ഥിതിപരമായ കാരണങ്ങൾ ഇല്ലാതാക്കണം.

**–ബെനഡിക് പതിനാറാമൻ പാപ്പ (സത്യത്തിൽ സ്നേഹം – പേജ് 40)**

# SOUTHERN AGENCIES

— BUILD YOUR DREAM WITH US —

## Building the foundations of a better tomorrow.

Premium materials.
Stronger buildings.



UltraTech CEMENT *The Engineer's Choice* | ARDEX ENDURA | ACC ACC LIMITED | adani Cement

**PREMIUM QUALITY** Materials you can trust.

**TRUSTED BRANDS** From leading industry names.

**RELIABLE PARTNER** Committed to your building success.

**STRONG FOUNDATIONS** For every dream we help build.

Paraniyam, Vazhimukku,
Kanjiramkulam P.O.,
Thiruvananthapuram - 695524

Contact no : **9778587529 , 8891573095**

southernagencies.24@gmail.com

BUILD BETTER. BUILD STRONGER.

VATHICAN THARANGAM
RN 55178/94
Total  Pages 36 Date of Publication  28-05-2026




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.